കൊച്ചുസീത

വള്ളത്തോൾ

Digitized By Kerala Sahitya Akademi

കൊച്ചുസീത

(ലഘുവ്യാഖ്യാനസഹിതം)

ഗ്രന്ഥകത്താവ്:

വള്ളത്തോൾ

പ്രകാശകന്മാർ:

വി. ടി. ബ്രദേഴ്സ്,

തൃത്താല.

ഒന്നാം പതിപ്പ്—കോപ്പി ൧൦൦൦

൧൧൦൮

മംഗളോദയം അച്ചുക്കൂടം, തൃശ്ശിവപേരൂർ.

വില ൩ ണ.

[പകപ്പവകാശം ഗ്രന്ഥകത്താവിന്ന്. ഗ്രന്ഥകത്താവിന്റെ മുദ്രയാളമില്ലാത്ത പ്രതി വ്യാജനിർമ്മിതമായിരിക്കും.]

Digitized By Kerala Sahitya Akademi

ഉപോൽഘാതം.

I

ചാതകത്തിന്റെ പ്രാത്ഥനയാലാണ് പജ്ജന്യൻ വഷിച്ചതെന്നു പറഞ്ഞാൽ ആരും ചിരിയ്ക്കുകയേ ഉള്ളൂ. എന്നാൽ, താൻ തൃഷ്ണയോടേ തലയുയത്തി ശബ്ദിയ്ക്കുകയും താമസിയാതെ മഴ പെയ്യുകയും കൂടിയായാൽ, തന്റെ പ്രാത്ഥനയാലാണ് അതുണ്ടായതെന്നു വേഴാമ്പലിന്നഭിമാനിയ്ക്കാം. ഇതു വായനക്കാർ സമ്മതിയ്ക്കുമെങ്കിൽ, എന്റെ അപേക്ഷയനുസരിച്ചാണ് മഹാകവി വള്ളത്തോൾ 'കൊച്ചുസീത' എഴുതിയതെന്ന എന്റെ അഭിമാനം പരിഹാസ്യമാകയില്ല.

ചാരിത്രത്തിന്റെയും ഭർത്തൃസ്നേഹത്തിന്റെയും പേരിൽ പല സ്ത്രീകളും ആത്മഹത്യ ചെയ്തിട്ടുള്ള വത്തമാനങ്ങൾ വൃത്താന്തപത്രങ്ങളിൽ ഇടയ്ക്കിടെ കാണുമാറുണ്ട്. ചില അഭിനവശീലാവതികളുടെയും അഭിവന്ദ്യമായ ചരിത്രം പത്രങ്ങളിൽ കണ്ടിട്ടുണ്ട്. വിഷയലമ്പടതയാൽ വിഷമയന്മാരായ പുരുഷന്മാരുടെ നിദ്ദയമായ മദ്ദനത്തിന്നിരയായ യുവതികളുടെ കഷ്ടതരങ്ങളായ കഥകളും ചുരുക്കമായിട്ടല്ലാ കാണുമാറുള്ളൂ. കഴിഞ്ഞ എടവം മിഥുനം കാലത്ത് ഇത്തരം വത്തമാനങ്ങൾ തുടച്ചയായി കുറെ അധികം കാണപ്പെട്ടിരുന്നു. അക്കൂട്ടത്തിൽ കേരളത്തിൽത്തന്നെ നടന്ന ചില സംഭവങ്ങളുമുണ്ടായിരുന്നു

Digitized By Kerala Sahitya Akademi

എന്നാണ് എൻെറ ഓമ്മ. അക്കാലത്ത് വത്തമാനപത്രങ്ങൾ മുറയ്ക്കു വായിച്ചിരുന്ന എനിയ്ക്കു ഈ സംഭവപരമ്പരയുടെ അനുസ്മരണത്താൽ എന്തെന്നില്ലാത്ത ഒരു ഹൃദയാസ്വാസ്ഥ്യമുണ്ടായി.

പുരുഷന്മാർമൂലം സ്ത്രീകൾ, കേട്ടാൽ ഹൃദയം പിളന്നുപോകുമാറുള്ള കഷ്ടപ്പാടുകൾ അനുഭവിയ്ക്കുന്നു. ഇതു ലോകത്തിൽ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല; ലോകാരംഭം മുതൽ, സാഹിത്യവും ചരിത്രവും ആരംഭിച്ച കാലംമുതൽ തീച്ചയായിട്ടും, ഇതു കണ്ടുവന്നിട്ടുണ്ട്. ഇതെന്തിന്നുവേണ്ടി? ചാരിത്രം പ്രേമം എന്നീ മാനനീയങ്ങളായ മനോവൃത്തികളുടെ രക്ഷയ്ക്കുവേണ്ടി! പുരാണകത്താക്കന്മാർ നഷ്ടധമ്മമെന്നു പറഞ്ഞു പഴിച്ചിരിയ്ക്കുന്ന ഈ കലികാലത്തും ഈ സ്ഥിതിയ്ക്കു വ്യത്യാസം വന്നിട്ടില്ല!

ഹാ, ഈശ്വരൻെറ അത്യുത്തമസൃഷ്ടിയായ ആ കോമളാംഗത്തെ പുരുഷൻ ഇട്ടു ചവുട്ടിമെതിയ്ക്കുന്നു; പ്രേമാമൃതപൂണ്ണമായ ആ ഹൃദയത്തിൽ ഇടിത്തീ വീഴുന്നു; സ്നേഹമസൃണങ്ങളായ ആ നേത്രങ്ങളെക്കൊണ്ട് എന്നെന്നും ചുടുബാഷ്പം വീഴിയ്ക്കുന്നു. എന്തുകൊണ്ട്? പുരുഷൻെറ മൃഗോചിതമായ വികാരത്തിൻെറ ദുഷ്പ്രേരണകൊണ്ടും, അവൻെറ അന്ധമായ മാമൂൽപ്പിടുത്തംകൊണ്ടും! പുരുഷൻെറ സൃഷ്ടിയായ ദുഷിച്ച സാമുദായികവ്യവസ്ഥമൂലം, സ്ത്രീകൾക്കുണ്ടായിട്ടുള്ളേടത്തോളം കഷ്ടപ്പാട് ഒരിയ്ക്കലും പുരുഷന്മാക്കുണ്ടായിട്ടില്ല. കഷ്ടം, നിഷ്ഠുരനായ പുരുഷനാൽ ചവുട്ടിമെതിയ്ക്കപ്പെടട്ടെ എന്നാണോ, സ്ത്രീ

Digitized By Kerala Sahitya Akademi

സമുദായത്തിന്റെ തലയിലെഴുത്ത്!

സ്ത്രീസമുദായത്തിന്റെ ഈ ദുർദ്ദശ കൂടാതെ കഴിക്കാൻ സ്രഷ്ടികർത്താവ് വളരെ ശ്രമിച്ചിട്ടുണ്ട്. സ്ത്രീസൃഷ്ടിയെ നോക്കുക: എത്ര മധുരവും എത്ര വിനീതവുമായ ഒന്നാണത്! അവളെ സൃഷ്ടിച്ചിട്ടുള്ളതുതന്നെ സ്നേഹം കൊണ്ടാണ്; ശാലീനത അവൾക്ക് സ്വാഭാവികമായിട്ടുള്ളതാണ്. ഏതു കഷ്ടപ്പാടിലും പൌരുഷശാലിയായ പുരുഷനെക്കാൾ നൂറിരട്ടി സഹനശക്തിയുള്ള അവളുടെ അബലാത്വം, മാധുര്യവിനയങ്ങളെ മാഹാത്മ്യപ്പെടുത്തുന്നു. ഹൃദയമുണ്ടെങ്കിൽ, ഒരാൾക്ക് ആ മധുരകോമളമായ സൃഷ്ടിയെ നമസ്കരിക്കാനല്ലാതെ നശിപ്പിക്കാൻ തോന്നുമോ! എന്തുതന്നെയായാലും പാരുഷ്യമേറിയ പൌരുഷം അഭിവന്ദനീയമായ ഈ അബലാത്വത്തെ തന്റെ സ്വാതന്ത്ര്യത്തിനായി ഇട്ടു ഞെരുക്കുന്നു. "നാരിയാൽ പരതന്ത്രൻ പുരുഷനവളിൽത്താൻ പാരതന്ത്ര്യത്തെച്ചുമത്തിടുന്നു ശാസ്ത്രകാരന്മാരാൽ!" ക്രമേണ രൂഢമൂലമായ ഈ ശാസ്ത്രാകാരം—ആമൂലം - സ്ത്രീഹൃദയത്തെ ദാരണം ചെയ്യുന്നു.

എല്ലാററിനും പുറമേ, അവൻ, സ്ത്രീകൾ ചപലകളാണ്, കുടിലകളാണ് എന്നൊക്കെ ഉറക്കെ നിലവിളിക്കുകയും ചെയ്യുന്നു. സ്ത്രീകൾ ചപലകളാണത്രേ! കുടിലകളാണത്രേ! പുരുഷനോ? പുരുഷന്മാർക്കുള്ളതിൽ പകുതിയെങ്കിലും ചാപല്യമോ കൌടില്യമോ സ്ത്രീകൾക്കില്ല. ഉള്ളതുതന്നെ പുരുഷനിൽനിന്നു കിട്ടുന്നതാണ് മിക്കവാറും. സ്വാഭാവികമായ ശാലീനതയോടും സഹനശക്തി

Digitized By Kerala Sahitya Akademi

യോട്ടം കൂടിയ അവർ എത്രയെത്ര നിബ്ബന്ധങ്ങളേററി ട്ടാണ് ദുർവൃത്തിയിലേയ്ക്കു കാൽവെയ്ക്കുന്നത്!

മഹാന്മാരായിട്ടുള്ളവർ സ്ത്രീകളെ ബഹുമാനിച്ചിട്ടേ ഉള്ളൂ. 'സ്ത്രീയം ശതാപരാധാം ചേൽ പുഷ്പേണാപി ന താഡയേൽ' 'യത്ര നാര്യസ്തു പൂജ്യന്തേ, രമന്തേ തത്ര ദേവതാഃ' എന്നാദിയായ പ്രമാണങ്ങൾ പരിപേലവമായ അബലാജനത്തിന്റെ ബഹുമാന്യതയെ വെളിപ്പെടുത്തുന്നവയാണല്ലോ. ഭാരതീയരായ ധർമ്മാചാര്യന്മാർ ആദ്യകാലത്തു സ്ത്രീകൾക്കായി വല്ല സവിശേഷവ്യവസ്ഥയും ചെയ്തുവെച്ചിട്ടുണ്ടെങ്കിൽ, അത് അവരുടെ ചാരിത്രരക്ഷയ്ക്കായിട്ടു മാത്രമാണ്. കാലംകൊണ്ട് അതെല്ലാം ദുഷിച്ചു; ഗ്രന്ഥകാരന്മാർ സ്ത്രീകളെപ്പററി കേൾക്കാൻ കൊള്ളരുതാത്ത വാക്കുകൾ പറഞ്ഞുതുടങ്ങി. ഇത് അവരുടെ ദുർവികാരവിജൃംഭിതമല്ലാതെ മററൊന്നുമല്ല.

സ്രഷ്ടാവിന്റെ ഈ വിശിഷ്ടാനുഗ്രഹത്തെ—സ്ത്രീസമുദായത്തെ—മനുഷ്യൻ എന്നാണ് യഥാവിധി ഉപയോഗപ്പെടുത്തുക!

ഇത്തരം ചിന്തകളാലുണ്ടായ ഹൃദയാസ്വാസ്ഥ്യംമൂലം ഞാൻ അടുത്ത ദിവസം മഹാകവി വള്ളത്തോളിന്നു ഇങ്ങിനെ ഒരു കുറിപ്പെഴുതിയയച്ചു: "ചാരിത്രരക്ഷയ്ക്കു വേണ്ടി സ്ത്രീകൾ ആത്മഹത്യ ചെയ്തതായി പല വർത്തമാനങ്ങളും കടലാസ്സുകളിൽ കണ്ടുവരുന്നുണ്ടല്ലോ. ഈ വിഷയത്തിൽ അവിടുന്നു കവിതയൊന്നും എഴുതിയിട്ടില്ലെന്നാണ് എന്റെ ഓർമ്മ."

Digitized By Kerala Sahitya Akademi

എറെത്താമസിയാതെ എൻെറ ആ ഗ്രന്ഥത്തിനൊ ത്തവണ്ണം ഈ 'കൊച്ചുസീത' എഴുതിക്കിട്ടി. ഈ കവിതയ്ക്ക് അടിസ്ഥാനമായ സംഭവം തമിഴ്നാട്ടിൽവെച്ചു നടന്നതും അക്കാലത്തു പത്രങ്ങളിൽ മാറെറാലികൊണ്ടിട്ടുള്ളതുമാണ്. ചമ്പകവല്ലി മി. വരദരാജലുനായിഡുവിന്നയച്ച ഒരു കത്തിൽനിന്നാണ് ഈ വിവരങ്ങൾ അറിയപ്പെട്ടിട്ടുള്ളത്. എന്നാൽ, ഇതൊക്കെ ഒരവാസ്തവപ്രസ്താവമാണെന്നൊരഭിപ്രായം ചിലൎക്കുണ്ട്; ആയിരിക്കാം. എന്നാൽ ഇതിൽ സംഭാവ്യത ധാരാളമുള്ളതുകൊണ്ടു, കാവ്യോൽക്കൎഷത്തിന്ന് അതു ബാധകമല്ല. എന്നല്ല, ഭാരതീയസ്ത്രീസമുദായം മഹാന്മാരുടെ അരികത്തുചെന്ന് "നോക്കു, ഇതാ, എത്ര ആയിരം മുറിവുകളാണ് എൻെറ ശരീരത്തിലുള്ളത്! എനിയ്ക്കു വേദന പൊറുത്തുകൂടാതായല്ലോ!" എന്നു പറഞ്ഞു കരയുകയാണ്. ആ മുറിപ്പാടുകളെ ഉണക്കുവാൻ ഈ അസത്യോക്തി ഔഷധമാവുമെങ്കിൽ, ഇതൊരിയ്ക്കലും അനാദരണീയമാകയില്ല.

എന്നുമാത്രമല്ല, ഇതു സാമുദായികമെന്ന നിലയ്ക്കു മലയാളികളുടെ സവിശേഷശ്രദ്ധയെ അൎഹിയ്ക്കുന്നതുമാണ്. "ഇതു തമിഴരുടേയും മററും ഇടയിലുള്ള 'ദേവദാസി'സംഘത്തെസ്സംബന്ധിച്ചുള്ളതല്ലേ; നമുക്കെന്താണതിൽ?" എന്നു പറഞ്ഞു നാം ഒഴിഞ്ഞുനിൽക്കേണ്ട. നമ്മൾ—നായന്മാരും അമ്പലവാസികളും ക്ഷത്രിയാഭിമാനികളായ ജാതിക്കാരും മററും—അഭിമാനപൂൎവ്വം അനുഷ്ഠിച്ചുപോരുന്ന മരുമക്കത്തായത്തിലെ കുപ്പകളെ ചൂണ്ടി

Digitized By Kerala Sahitya Akademi

കാണിക്കുന്നതുകൂടിയാണ് ഈ കവിത. 'മൂസ്സുമാത്രമേ വേളികഴിക്കാവൂ; ബാക്കിയുള്ളവരുടെ മദനവികാരമെല്ലാം മരുമക്കത്തായക്കാൎക്ക്' എന്നു വ്യവസ്ഥചെയ്ത ആ നമ്പൂതിരിമാർ—അല്ലെങ്കിൽ, എന്തിന് ആ ദിവ്യശ്രേഷ്ഠന്മാരെ തൊട്ടു 'ശുദ്ധം മാററു'ന്നു?—നമ്മുടെ പഴംകാരണവന്മാർതന്നെ നമ്മുടെ സ്ത്രീകളിൽ ദേവദാസീത്വം കുത്തിവെച്ചിട്ടില്ലേ? നമ്മുടെ കെട്ടുകല്യാണവും തിരണ്ടുകല്യാണവും, ദേവദാസികളുടെ ആ 'വയസ്സറിയിപ്പി'ൽ (വ്യഭിചാരോൽഘോഷണം) നിന്നു എത്രകണ്ടു വൈച്ചമുള്ളതാണ്? തോന്നുമ്പോൾ തുടങ്ങാവുന്നതും മാററാവുന്നതും, സ്വത്തവകാശം ആശൗചബന്ധം മുതലായ ഇതൊതിധൎമ്മങ്ങളൊന്നുമില്ലാതെ അന്നന്നത്തെ 'അത്യാവശ്യം' കൊടുത്തുകൊണ്ടുള്ളതുമായ നമ്മുടെ സംബന്ധം—കിടക്കക്കല്യാണം—, ദേവദാസികളുടെ നിത്യവ്യഭിചാരത്തിന്റെ കനിഷ്ഠസഹോദരനല്ലേ? ഈ കവിതയിലെ ആ തള്ളക്കലടയുടെ സ്തുതിഗ്രന്ഥത്തിലെ മിക്ക ഏടുകളും നമ്മുടെ അന്തഃപുരത്തിൽവെച്ചു വായിച്ചുപോരുന്നില്ലെന്നു നമുക്കാശ്വസിക്കാമോ? "നമ്പൂതിരിസ്ത്രീകളേ കുലസ്ത്രീകളുള്ളൂ; നമ്മളൊക്കെ പരസ്ത്രീകളാണ്," എന്ന് അഭിമാനിക്കുന്ന മുത്തശ്ശിമാർ ഏതു മരുമക്കത്തായത്തറവാട്ടിലാണില്ലാത്തത്? മരുമക്കത്തായത്തറവാടുകളിലെക്കു വഴിതെററിക്കയറിച്ചെല്ലുന്ന ചാരിത്രശുദ്ധിയും പതിപ്രേമവും, അടിയും ഇടിയും കൊണ്ടു ഇറങ്ങിപ്പോവുകയല്ലാതെ പതിവുണ്ടോ? ഇതൊക്കെ മരുമക്കത്തായത്തിന്റെ കുത്സിതങ്ങളായ കറുപ്പുക്കണ്ടങ്ങളല്ലയോ?

Digitized By Kerala Sahitya Akademi

തിരുവിതാംകൂറിലും കൊച്ചിയിലും നായന്മാരുടെ ഇടയിൽമാത്രം ഈ ദുർദ്ദശക്കു ബാഹ്യമായിട്ടെങ്കിലും ഒരു പ്രതിവിധി ഉണ്ടായിട്ടുണ്ട്; മലബാറുകാരാകട്ടെ,—വിശേഷിച്ചും ബ്രാഹ്മണൈകാശ്രയന്മാരായ അമ്പലവാസികൾ—ഇന്നും ഈ കുപ്പക്കുണ്ടിൽത്തന്നെ കിടന്നുഴക്കുകയാണ്. മരുമക്കത്തായക്കാരുടെ 'സംബന്ധം' എന്നുവരെ സമ്യക്കായ ബന്ധമാകുന്നില്ലയോ, അന്നുവരെ അവരുടെ ദമ്പതീധർമ്മം മധുരമാകയില്ല; സ്ത്രീകൾ അദൃഷ്ടകളുമാകയില്ല. ഇന്നത്തെ സ്ഥിതിക്കു 'ചമ്പകവല്ലി'യെപ്പോലെ തികഞ്ഞ ഹൃദയശുദ്ധിയുള്ള യുവതികൾ നമ്മുടെ ഇടയിൽ ഉണ്ടാവാതിരിക്കാനാണ് നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നത്; അല്ലെങ്കിൽ, അമ്മമാരുടെ ദുർവ്വൃത്തിക്കുള്ള പ്രേരണ പൊറുത്തുകൂടാതെ, ആത്മഹത്യ ചെയ്യുന്ന എത്ര കൊച്ചുസഹോദരിമാരുടെ കഥയാണ് നമുക്കു കേൾക്കേണ്ടിവരിക! അഥവാ, എത്രയെത്ര മനസ്സാക്ഷികളുടെ ആത്മഹത്യകൾ കാരണമാരും കേൾക്കപ്പോരുമില്ലാതെ, നമ്മുടെ അന്തഃപുരത്തിൽവെച്ച് ഇപ്പോഴും നടക്കുന്നുണ്ടാവാം!!

"അല്ലലിൻ നവ്യനവ്യ ചിപ്പാൽ പക-
ലല്ലുകളുന്തിനീക്കിക്കഴിക്കവേ,
നല്ല കന്മതിൽ ചുറ്റുമുള്ളെൻവീട്ടി-
ലില്ല രക്ഷയെൻമാനത്തിനെന്നായി."

എന്ന സ്ഥിതിയെ നമ്മുടെ സഹോദരിമാർക്കു മരുമക്കത്തായം വരുത്തിത്തീർക്കുന്നുണ്ടെന്നുള്ളതു തീർച്ചയാണ്.

Digitized By Kerala Sahitya Akademi

“ക്ഷുദ്രധീത്വമേ, സ്വാർത്ഥപരത്വമേ,
നിർദ്ദയത്വമേ, നിന്നെരിതിയ്യിനാൽ
എത്ര ചമ്പകവല്ലിയുണ്ടിങ്ങിനെ
ദഗ്ദ്ധയാകുന്നു ഭാരതപ്പൂങ്കാവിൽ!”

എന്ന കവിയുടെ വിഷാദപാരമ്യത്തിന്നു തീർച്ചയായിട്ടും മരുമക്കത്തായവും ഉത്തരവാദിയാണ്. ‘കൊച്ചുസീത’ വായിക്കുന്ന മരുമക്കത്തായക്കാരൻ ഇതിനെപ്പററി നല്ല വണ്ണം ആലോചിക്കുന്നതു നന്ന്.

കുട്ടികൃഷ്ണമാരാര്.

Digitized By Kerala Sahitya Akademi

കൊച്ചുസീത.

I

(കാകളി)

൧. പൂമണിമേടത്തളത്തിലുച്ചയ്ക്കൊരു
കോമളകണ്ഠിയാം വേശകുമാരിയാൾ
രാമായണം മുദാ വായിച്ചിടും വിധൌ
വ്യോമാന്തരേ നിന്നു നിശ്ചലം ഭാസ്കരൻ.

൨ അച്ചാരുഗാത്രിതൻ വക്ത്രചന്ദ്രങ്കൽനി-
ന്നുച്ചലിയ്ക്കുമൃഷികാവ്യഗാനാമൃതം
ഉച്ചക്കൊടുംവെയിൽ വെണ്ണിലാവാകുമാ-
റച്ഛസൌധാങ്കണത്തിങ്കലൊഴുകിതേ.

ലഘുവ്യാഖ്യാനം.

൧. പൂമണിമേടത്തളം=സ്വച്ഛവും സമ്പന്നവുമായ മാളികയിലെ തളം. കോമളകണ്ഠി=മൃദുലമായ കണ്ഠ(സ്വര)ത്തോടുകൂടിയവൾ. വേശകുമാരി=വേശ്യാഗൃഹത്തിലെ പെൺകിടാവ്. മുദാ—ഭക്തിജന്യമായ ആനന്ദത്തോടെ. വ്യോമാന്തരേ=ആകാശമദ്ധ്യത്തിൽ. നിത്യഗതിയായ സൂര്യൻപോലും ആ വായന കേട്ടു നിന്നുപോയി. രാമായണം വായിയ്ക്കുമ്പോൾ, അതു കേൾക്കുവാൻ ദിവ്യന്മാർപോലും സശ്രദ്ധരായിരിയ്ക്കുമെന്നാണ് ഹിന്ദുക്കളുടെ വിശ്വാസം.

൨. ഉച്ചലിയ്ക്കുക=പുറപ്പെടുക. ഋഷി .... മൃതം=ഋഷികാവ്യം (രാമായണം) വായിയ്ക്കലാകുന്ന അമൃത്. അച്ഛ ....ങ്കണം=ആ മാളികയുടെ വൃത്തിയുള്ള മുറ്റം. ചന്ദ്രനിലെ അമൃത(=ജല)ത്തോടുള്ള

Digitized By Kerala Sahitya Akademi

൩. ബാലതൻ മുത്തശ്ശിയായ കിഴവിയു-
ണ്ടാലസ്യമോടങ്ങടുത്തൊരു കട്ടിലിൽ
തെല്ലു വളഞ്ഞു ചെരിഞ്ഞു കിടക്കുന്നു,
മല്ലീശരൻെറയൊടിഞ്ഞ വിൽ പോലവേ.

൪. പെട്ടെന്നു വായന നിർത്തി,യാ നീണ്ടിടം-
പെട്ട മഷ്ക്കണ്ണൊട്ടടച്ചക്കുമാരിയാൾ
ഏതോ വിചാരത്തിലാണ്ടുപോയ് പൊൻകവിൾ-
ത്തന്നിലുണ്ടാം പുളകാങ്കുരത്തോടും.

൫. പാട്ടു കേൾപ്പാനായ് വളർത്തുപെണ്മാൻ ചെവി-
പാർത്തുനിന്ന മലർത്തോപ്പിൻെറ വീർപ്പുകൾ
താർത്തേനലായ് വന്നു തയ്യലിൻ കാർകുഴൽ-
ച്ചാർത്തണിത്തുനെററി ചുംബിച്ചു മെല്ലവേ.

സംസർഗ്ഗത്താലാണല്ലോ സൂര്യപ്രകാശം ചന്ദ്രികയാവുന്നത്. എരിവെയിലുള്ള ആ മുററത്തേക്കു ചെല്ലുന്ന ആരും ആ പാട്ടു കേട്ടു ചൂടറിയാതെ ആനന്ദസ്തബ്ധനായി നിന്നുപോവും!

൩. ബാല=(പതിനാറു വയസ്സെത്താത്ത) പെൺകിടാവ്. ആലസ്യം=തളർച്ച. ഈ വൃദ്ധ ഒരു കാലത്തു, യുവാക്കന്മാരെ മയക്കാൻ കാമന് ഒരായുധമായിരുന്നു.

൪. മഷ്ക്കണ്ണ്=മഷിയെഴുതിയ കണ്ണ്. പൊൻകവിളിലുണ്ടാകുന്ന പുളകം(=രോമാഞ്ചം)കൊണ്ട്, അവൾ ആഹ്ലാദപ്രദമായ ഒരു വിചാരത്തിലാണ് ആണ്ടുപോയതെന്നൂഹിക്കാം.

൫. പാട്ടു . . . നിന്ന— ആ പാട്ടു തിര്യക്കുകളെക്കൂടി ആകർഷിക്കുന്നതായിരുന്നു. മലർ.....വന്നു— പൂക്കളിൽത്തട്ടി വരുന്ന കാററെന്ന വ്യാജേന, പൂന്തോട്ടത്തിൻെറ നിശ്വാസം തന്നെയാണ് വന്നതെന്നു താൽപര്യം. അവളെക്കൊണ്ടു കുറച്ചുകൂടി വായിപ്പിക്കാനായിരിക്കാം, പൂങ്കാവു നെടുവീർപ്പുകൊണ്ടു ചുംബിച്ചു ലാളിച്ചത്!

Digitized By Kerala Sahitya Akademi

൩ അത്ഭുതൻെറ നേരിനാസ്സസ്വസ്ഥവുമപേ-
ക്ഷിച്ച കണവൻെറ കൂടെ നടന്നവൾ
ഉച്ചണ്ഡകാനനപ്പുൽപ്പരപ്പും ചിരം
പച്ചനീരാളത്തിരുമെത്തയാക്കിനാൾ;
മാലറ്റ വാഴ്ക്കിലുമാരുടെ സുസ്ഥിര-
ശീലമാം ചിത്തത്തെയൊട്ടൊന്നിളക്കുവാൻ,
കൈലാസപവ്വതംകൊണ്ടു പന്താടിയ
കൈകൾക്കുപോലും കഴിഞ്ഞീലൊരിക്കലും;
ആരുടെ ചാരിത്രതേജസ്സിലാഹന്ത,
ഘോരമായാളിന തിയ്യും തണുത്തുപോയ്;
വേറെ വിളഞ്ഞീലെവൾക്കൊത്ത രത്നമീ-
ബ്ഭാരതഭൂവിൻ വിശുദ്ധഗർഭത്തിലും;
ആ മൈഥിലിയായ്ച്ചമഞ്ഞവൾ ചേതസാ
ശ്രീമൽഗൃഹത്തിലും കാട്ടിലുമൊപ്പമേ,

൩. അവളുടെ വിചാരം എന്തായിരുന്നു? ഉച്ചണ്ഡം=ഭയങ്കരം. പച്ചനീരാളം=പച്ചപ്പട്ട്. "ഇളംപുല്ലിൽക്കിടപ്പൻ ഞാൻ വനത്തിൽ വനഗോചര! അതിൽക്കവിഞ്ഞെന്തു സുഖം മൃദുപട്ടുകിടക്കമേൽ?" (ആരണ്യം: ൩൦. ൧൪.) ഇത്യാദി രാമായണവചനം നോക്കുക. സുസ്ഥിരശീലം=നല്ലവണ്ണം ഉറച്ച ശീല(ച്ചാരിത്ര)ത്തോടു കൂടിയത്. കൈലാ ... കൈകൾ—രാവണൻെറ കൈകൾ. അത്രയ്ക്കു വീയ്യബലശാലിയായ രാവണനിൽപ്പോലും സീതയ്ക്കു ലേശവും ആഭിമുഖ്യമുണ്ടായില്ലല്ലോ. തിയ്യും തണുത്തുപോയ്—ലങ്കയിൽവെച്ചു ചാരിത്രപരീക്ഷയ്ക്കായി അഗ്നിയിൽച്ചാടിയ സന്ദഭത്തിൽ സീതയ്ക്കു തിയ്യു ചുട്ടുള്ളതായി തോന്നിയില്ലല്ലോ; ആളിക്കത്തുന്ന തിയ്യിനെക്കാളും ശക്തിയുള്ളതായിരുന്നു സീതയുടെ ചാരിത്രതേജസ്സ്. എവൾക്കൊത്ത രത്നം—സീത ഭൂഗർഭജാതയായതുകൊണ്ടാണ്, രത്നമായി അധ്യവസാനം ചെയ്യപ്പെട്ടത്. ചേതസാ=മനസ്സുകൊണ്ട്. രാമനെപ്പോ

Digitized By Kerala Sahitya Akademi

രാമഭദ്രന്നു സമാനനായോരഭി-
രാമപുരുഷൻെറ പത്നിയായ് മേവിനാൾ!

൧. എന്നാലിതിന്നൊരു വിഘ്നമായ് മുത്തശ്ശി,-
യന്നിനവിങ്കൽനിന്നാത്മജാപുത്രിയെ,
'ഇന്നിത്ര വേഗം കഴിഞ്ഞുവോ വായിച്ചു-
ലെ'ന്ന ചോദ്യത്താലിറക്കിവിട്ടീടിനാൾ.

൨. അപ്പോൾത്തുറന്നു പറകതാൻ ചെയ്തിതാ-
സ്സൽപഥാന്വേഷിണി, തൻെറ മനോരഥം:—
സീതയെപ്പോലെ പതിപ്രേമചാരിത്ര-
പൂതമാക്കാവു ഞാനെന്നുടെ ജീവിതം!'

൩. അമ്പോ, മഹിമാവിതാർഷഭൂവേ: തവ
വൻപോക്കുളത്തിലും നിഷ്കാമകാഹളം;
വേടക്കുടിലിലും ബ്രാഹ്മണ്യസമ്പത്തി;
വേശത്തെരുവിലും ചാരിത്രസൌരഭം!

ലെ സുന്ദരനായ ഒരു പുരുഷൻെറ പത്നിയാവണമെന്നും, ശ്രീമത്തായ ഗൃഹത്തിലും കാട്ടിലും—അതായതു സുഖത്തിലും ദുഃഖത്തിലും—ഒരുപോലെ അദ്ദേഹത്തെ അനുഗമിക്കണമെന്നും അവൾ മനോരാജ്യം വിചാരിച്ചു.

൧. ആത്മജാപുത്രി=മകളുടെ മകൾ. ഇറക്കിവിട്ടീടിനാൾ—ആ നിനവിൻെറ ഔന്നത്യത്തെ (ഉൽകൃഷ്ടതയെ) സൂചിപ്പിക്കുന്നു.

൨. സൽപഥാന്വേഷിണി=സന്മാർഗ്ഗം തേടുന്നവൾ. പതി.....പൂതം=ഭർത്തൃസ്നേഹത്താലും ചാരിത്രത്താലും പരിശുദ്ധം. ഈ വിചാരം അവൾക്കു മുമ്പുതന്നെ ഉണ്ടായിരുന്നു എന്നു സൂചിപ്പിക്കുന്നു.

൩. നിഷ്കാമകാഹളം=നിഷ്കാമകർമ്മത്തിൻെറ കാഹളംവിളി—ഭഗവൽഗീതയെ അനുസ്മരിക്കുന്നു. ബ്രാഹ്മണ്യസമ്പത്തി=ബ്രാഹ്മണ്യതേജസ്സിൻെറ സമൃദ്ധി—വാല്മീകിയെ അനുസ്മരിക്കുന്നു. ചാരി

Digitized By Kerala Sahitya Akademi

൨൦. തള്ള പിടഞ്ഞെഴുന്നേറ്റു: 'മുളയിലേ
നുള്ളിക്കളയേണ്ടുവൊന്നീക്കെട്ടമതം;
സീതയോ മാതൃകയെൻമണിപ്പൈതൽക്കു?
സീതയെക്കാളെത്ര മീതെയാണെന്മകൾ.
ഇന്നിൻ കഴൽത്താരിൽ വീണുരുണ്ടീടുവാ-
നൊ,ന്നല്ല, പത്തല്ല രാവണന്നൂഴിയിൽ!
൨൧. താനൊട്ടു പൊന്തിച്ച തൻതറവാടിനെ
വാനത്തുരുമ്മിയ്ക്കുമാത്മജാവൈഭവം
കണ്ടാശ്വസിയ്ക്കട്ടെ, പെട്ടെന്നു നമ്മെ വി-
ട്ടണ്ടർനാടുൾപ്പുക്ക നിന്നമ്മയോമനേ!'
൨൨. ദൃഷ്ടി നനച്ചേവമുച്ചരിച്ചൊന്നു വീ-
ർപ്പിട്ടവൾ കുട്ടിയെത്തൊട്ടുതലോടിനാൾ;

ത്യസൌരഭം=പാതിവ്രത്യത്തിന്റെ സൌരഭ്യം—ഉദാഹരണം പ്രസ്തുതസംഗതിതന്നെ. പോർക്കളത്തിൽ കാഹളവും, വേശത്തെരുവിൽ സൌരഭ്യവും സാധാരണംതന്നെ; അവ നിഷ്കാമത്തിന്റേയും ചാരിത്രത്തിന്റേയുമായതാണ് അത്ഭുതം. വേടക്കുടിലിൽ സമ്പത്തി (=സമ്പത്ത്) ഉണ്ടാവുന്നതുതന്നെ അസാധാരണമാണ്.

൨൦. ഈക്കെട്ടമതം—ചാരിത്രവതിയാവണമെന്നുള്ളത്. സീതയെപ്പറ്റി വൃദ്ധയ്ക്കുള്ള മതിപ്പ് ഇത്രമാത്രമാണ്: "സീതയ്ക്കു നല്ല സൌന്ദര്യമുണ്ടായിരുന്നു: ത്രൈലോക്യവിജയിയായ രാവണൻപോലും അവളുടെ കാല്ക്കൽ വീണുരുണ്ടില്ലേ!"

൨൧. ആത്മജാവൈഭവം=മകളുടെ (നിന്റെ) പോരുമ. അണ്ടർനാട് (സ്വർഗ്ഗം) ഉൾപ്പുക്ക നിന്റെ അമ്മയ്ക്കു, നീ ഈ തറവാടിനെ വാനത്തുരുമ്മിച്ചു (അത്രയും സമ്പന്നമാക്കി) കാണിച്ചുകൊടുക്കണം. നീ സീതയെ അനുഗമിയ്ക്കുകയല്ല, മരിച്ചുപോയ അമ്മയെ ആശ്വസിപ്പിയ്ക്കുകയാണ് വേണ്ടതെന്നഭിപ്രായം.

൨൨. ദൃഷ്ടി നനച്ച്—മരിച്ചുപോയ മകളെപ്പറ്റി ഓർത്ത

Digitized By Kerala Sahitya Akademi

കെട്ടഴിച്ചോരളകം തൻസ്മൃതിഗ്രന്ഥവു-
മൊട്ടു കനത്തു വിളർത്തുള്ള ചുണ്ടിനാൽ:—
൧൬. "ഇമ്മന്നിലപ്സരസ്ത്രീകൾ നാം, വേശ്യമാർ;
ധർമ്മം നമുക്കിങ്ങു രണ്ടേ വിനിശ്ചിതം:
നമ്മുടെ കോവിലിൽപ്പോയ് നൃത്തമാടലും,
പുമ്മാനസങ്ങളെ നൃത്തമാടിക്കലും.
൧൭. നർത്തനസേവയിൽ നെററിത്തടത്തിൽനി-
ന്നെത്ര വിയർപ്പുനീരിററിററു വീഴുമോ,
അത്ര വെൺമുത്തുകൾ മുന്നിലുതിരുന്നു
നൽദ്ദേവദാസിമാർക്കീശ്വരപ്രീതിയാൽ.
൧൮. ദേവാർച്ചനത്തിനായ് ലോകം സമർപ്പിച്ച
പൂവുകളാകുന്ന ഞങ്ങൾ ദേവിടിസ്ത്രീകളെ
മൂർദ്ധ്നാ വഹിക്കുന്നു വൈദികൻകൂടിയും,
ക്ഷേത്ര'പ്രസാദ'ത്തെയെന്നപോലാദരാൽ.

പ്പോൾ തള്ളയ്ക്കു കണ്ണീർ പുറപ്പെട്ടു. കെട്ട.....ണ്ടിനാൽ—വേശ്യാധർമ്മത്തെപ്പററി പറഞ്ഞുതുടങ്ങി.

൧൬. വിനിശ്ചിതം=വിധിക്കപ്പെട്ടത്. ബ്രാഹ്മണർക്കു യജനയാജനാദിഷൾധർമ്മങ്ങളുള്ളതുപോലെയും മററും നമുക്കുള്ള ധർമ്മം രണ്ടാണ്. പുമ്മാനസങ്ങൾ=പുരുഷന്മാരുടെ മനസ്സുകൾ. നൃത്തമാടിക്കൽ—കാമതരളമാക്കൽ.

൧൭. ആ സ്വധർമ്മമാചരിച്ചാലത്തെ ഫലമോ? നർത്തനസേവ=നൃത്തംവെച്ച് (ഈശ്വരനെ) സേവിക്കുക. ദേവദാസികളുടെ സമ്പാദ്യം ദുർവൃത്തികൊണ്ടുള്ളതാണെന്നു ധരിക്കേണ്ട; ഈശ്വരസേവാഫലമാണ് അത്. വിയർപ്പുനീർത്തുള്ളിക്കും വെൺമുത്തിന്നും തമ്മിൽ സാദൃശ്യം. ഈശ്വരശബ്ദത്തിന്നു ധനികൻ എന്നും അർത്ഥമുണ്ട്.

൧൮. ദേവദാസികളുടെ യോഗ്യതയോ? മൂർദ്ധ്നാ വഹിക്കുന്നു=തലയിൽ ചൂടുന്നു; ആദരിക്കുന്നു എന്നും. ദേവാർച്ചനത്തിനൊട്ടുള്ള

Digitized By Kerala Sahitya Akademi

൧൬. പുരുഷന്മാരൊക്കെയൊപ്പു; -മഭിജ്ഞയാം
വാരാംഗനയ്ക്കില്ല രാഗവും ദ്വേഷവും.
ആരെയും തന്നിൽ മുഴുകിയ്ക്കയല്ലാതെ, -
യാരിലും മുങ്ങുമാറില്ല വേശ്യാനദി.

൧൭. അദ്ദശകണ്ഠൻ കിഴിഞ്ഞപേക്ഷിയ്ക്കില്ലു -
മത്ര പതിഭക്തി കാണിച്ച സീതയെ
പത്തും തികഞ്ഞൊരാളു, ക്ഷുതരക്ഷുക്കൾ
തത്തിന കാട്ടിൽക്കളഞ്ഞീലയോ പ്രിയൻ!

൧൮. നിച്ഛിലും സ്വാതന്ത്ര്യമേ നോക്കും ചില നര -
രിച്ഛ പോലെ കുടുക്കിട്ടു നല്ലാർകളെ

താമരപ്പൂവായാലും 'തെവിടി'പ്പൂവായാലും ആദരണീയമാണ്; വൈദികന്മാർതന്നെ വേശ്യകളോടു സംഗമിയ്ക്കാറുമുണ്ട്.

൧൬. വേശ്യാധർമ്മത്തിൽ 'പതിപ്രേമ'ത്തിന്നു സ്ഥാനമില്ലെന്ന്: അഭിജ്ഞ = അറിവുള്ളവൾ. വാരാംഗന = വേശ്യാസ്ത്രീ. കുലസ്ത്രീകൾ ഭർത്താക്കന്മാരിൽ അനുരക്തകളായിരിയ്ക്കയും, മററുള്ളവരിൽ അങ്ങിനെയാവാതിരിയ്ക്കയും ചെയ്യുന്നത് 'രാഗ'വും 'ദ്വേഷ'വുമാണെന്നത്രേ വൃദ്ധയുടെ സിദ്ധാന്തം; അറിവുള്ളവൾക്കെന്താ ആ രാഗദ്വേഷങ്ങൾ? മുഴുകിയ്ക്കുക = സ്നാനം ചെയ്യിയ്ക്കുക; കീഴ്പെടുത്തുക എന്നും [മുങ്ങുക എന്നതിന്നും ഇതുപോലെതന്നെ.] വേശ്യകൾ നദികളെപ്പോലെ പരിശുദ്ധകളാണ്; അവരെന്തിന്ന് മറൊന്നിൽ ചെന്നു മുങ്ങുന്നു?

൧൭. മറിച്ച്, സ്ത്രീ ഭർത്താവിന്നധീനയായാലത്തെ ദോഷം, ആ കുമാരി മാതൃകയായി വിചാരിയ്ക്കുന്ന സീതയുടെ ചരിത്രത്തിൽനിന്നു തന്നെ ഉദാഹരിയ്ക്കുന്നു: ക്ഷുക്ഷ.....ത്തിന = ആൾക്കരടികളും പുലികളും യഥേഷ്ടം പാഞ്ഞു നടക്കുന്ന.

൧൮. ഇനി ചാരിത്രത്തെ നിന്ദിച്ചു തുടങ്ങുന്നു: നിച്ഛിലും = നി

Digitized By Kerala Sahitya Akademi

മൊച്ചകളിപ്പിയ്ക്കുവാനായ് വിരചിച്ച
ശൃംഖലയ്ക്കാം സതീധർമ്മമെന്ന പേർ.

൧൯. ചാരിത്ര്യ,മോമനേ, കാമൻ ദഹിച്ചതിൻ-
ചാരമെന്നത്രേ ഗണിപ്പൂ ഗണികമാർ;
ഓരാതെടുത്തു തേയ്ക്കൊലാ, ചന്ദന-
ച്ചാറണിയേണ്ടുമീ യൌവനക്കുമ്പുമേൽ.

൨൦. ജീവിതമെന്നാൽ യഥേഷ്ടം സുഖിയ്ക്കലാ-
ണാ, വഴിയ്ക്കല്ലീസ്സതീവ്രതത്തിൻ ഗതി;
ഛീ, വർത്തമാനത്തെയിട്ടു ചീയിയ്ക്കയോ
ഭാവിക്കടയ്ക്കൽ വളം വെച്ചുകൊള്ളുവാൻ!

൨൧. ഏകപതീത്വമെന്നുള്ളോരിടുങ്ങിയ
പാഴ്കോണി തേടുന്നതുൽഗതിയ്ക്കു നീ?

ത്ര്യവും. മൊച്ചകളിപ്പിയ്ക്കുക=കുരങ്ങിനെ കളിപ്പിയ്ക്കുന്നതുപോലെ കളിപ്പിയ്ക്കുക. ശൃംഖല—പുറമേ വന്ദ്യമെന്നു തോന്നുന്നതും പരമാർത്ഥത്തിൽ സ്വാതന്ത്ര്യനാശകവുമായത്. പതിവ്രതാധർമ്മം പരിത്യാജ്യമാണെന്നു വെളിപ്പെടുത്തി.

൧൯. അത് അസുഖകരവുമാണെന്ന്: ഗണികമാർ=വേശ്യകൾ. ഓരാതെ=ആലോചിയാതെ. യൌവനക്കുമ്പ്=യൌവനാരംഭം; സ്തനമെന്നും. യൌവനാരംഭത്തിൽത്തന്നെ വേണമോ, സതീധർമ്മമെടുത്തു തുടങ്ങുക!

൨൦. ഇനി ജീവിതതത്വം ചിന്തിച്ചുനോക്കിയാലും, ചാരിത്രത്തിന്ന് അതിൽ സ്ഥാനമില്ലെന്നു പറയുന്നു: ഛീ.....ള്ളുവാൻ—ഭാവിയിൽ ഗുണം വരുമെന്നുവെച്ചു വർത്തമാനകാലത്തു കിടന്നുവലയുകയോ! വിഡ്ഢിത്തം!!

൨൧. എന്നു മാത്രമല്ല, ഇപ്പോൾ നേടാവുന്നതിലധികം ഒരു സുഖം ഭാവിയിൽ വരാനുമില്ല: ഏകപതീത്വം=ഒരേ ഒരാളുടെ പത്നിയായിരിയ്ക്കൽ. ഉൽഗതി=ശ്രേയസ്സ്; മേല്പോട്ടു കയറൽ എന്നും.

Digitized By Kerala Sahitya Akademi

വൈകുണ്ഠസമ്പത്തുമുണ്ടിതാ, നിൻകാല്ക്കൽ
വാർകുന്ന ചില്ലിത്തലപ്പൊന്നിളക്കിയാൽ!
൨൨. സ്രഷ്ടാവു നൽകും വിഭൂഷ — വപുല്ലക്ഷ്മി —
കിട്ടാത്ത പെണ്ണിന്നണിയാം സതീവ്രതം;
തമ്പുരാന്മാൎക്കും കൊതി തോന്നുമെൻപൊന്നു-
ചമ്പകത്തിന്നാ മുരിക്കപ്പൂവെന്തിനാം? * * * ”

പലരോടും സംഗമിക്കാമെന്ന വിശാലവും മനോഹരവുമായ സ്ഥിതി വിട്ട്, ഒരാളെമാത്രം സ്വീകരിക്കുക എന്ന ഇടുങ്ങിയതും കെട്ടുള്ളതുമായ വഴിയെ നീ എങ്ങോട്ടു പോകുന്നു! വൈകുണ്ഠംപോലും ഇതാ, നിന്റെ അടുക്കലേക്കു വരുന്നു; നിന്റെ വളൎന്ന വളഞ്ഞ പുരികമൊന്നിളക്കി വിളിക്കുകയേ വേണ്ടു.

൨൨. വപുല്ലക്ഷ്മി=സൌന്ദൎയ്യം. അണിയാം=ആഭരണമാവും. ജന്മസിദ്ധമായ സൌന്ദൎയ്യമില്ലാത്തവർ പതിവ്രതമാരായിരുന്നുകൊള്ളട്ടെ; എന്റെ ഓമനസ്സാകട്ടെ, രാജാക്കന്മാരെക്കൂടി ആകൎഷിക്കുന്ന സൌന്ദൎയ്യം സ്രഷ്ടാവു നൽകിയിട്ടുണ്ട്! പൊന്നുചമ്പകം എന്നതിൽ നായികയുടെ പേരുകൂടി സൂചിപ്പിക്കപ്പെടുന്നു. ആ മുരിക്കപ്പൂവ് — നിൎഗ്ഗന്ധപുഷ്പംപോലുള്ള സതീവ്രതം.

3 *

Digitized By Kerala Sahitya Akademi

11

(മാകന്ദമഞ്ജരി)

൧൯. 'ചമ്പകവല്ലി'യാം വായനക്കാരിയ-
ങ്ങമ്പെപ്പകച്ചു തൻകണ്ണിണയാൽ,
ഇത്തെറിപ്പാക്കു ചവച്ചും കിഴവിതൻ
വക്ത്രമേ നോക്കിയുംകൊണ്ടിരുന്നാൾ:
ദുർഗ്രഹമാമെന്തോ വർണ്ണിപ്പൂം വാധ്യാർത-
ന്നഗ്രഭാഗത്തൊരു കുട്ടി പോലെ.

൨൦. ഇല്ലാശ്ശയില്ലാം മനസ്സാക്ഷിയെന്നതി-
ത്തള്ളക്കുലടസ്ക്കുമുള്ളിലെ;-ന്നാൽ
തെല്ലൊന്നനങ്ങുവാൻപോലുമാളല്ലത്തു
കല്ലൊത്ത മാമൂലിൻ ഞെക്കൽമൂലം!

൧൯. ഇത്തെറിപ്പാക്ക് = ഈ തെറിവാക്കാകുന്ന വരട്ടടയ്ക്ക. പല്ലില്ലാത്തവർ ഉണങ്ങിയ അടയ്ക്ക വളരെ നേരം കടിച്ചു ചവച്ചുകൊണ്ടിരിക്കുന്നതുപോലെ, ഈ തെറി (ചാരിത്രനിന്ദനം) ദീർഘമായുപന്യസിപ്പാനാണ് മുത്തശ്ശി ഒരുമ്പെട്ടിരുന്നത്; ചാരിത്രനിന്ദനം അവൾക്ക് ഒട്ടും അസാധാരണമല്ലതാനും. ദുർഗ്രഹം = മനസ്സിലാക്കാൻ പ്രയാസമുള്ളത്. വാധ്യാർ = ഗുരുനാഥൻ. അവൾക്കു വൃദ്ധ പറഞ്ഞതു മുഴുവനും മനസ്സിലായില്ലായിരിക്കാം; എങ്കിലും അവളുടെ അഭിപ്രായത്തോട് ഒട്ടും പൊരുത്തമില്ലാത്ത വൃദ്ധാവാക്യം അവളെ പകപ്പിച്ചുകളഞ്ഞു.

൨൦. ആ വൃദ്ധയിൽ അനുകമ്പ പൂണ്ടും, അവളുടെ പേരിൽ വെറുപ്പു തോന്നിയിരിക്കാവുന്ന വായനക്കാരെ ആശ്വസിപ്പിച്ചുകൊണ്ടും കവി അവളുടെ 'അംഭോപദേശ'ത്തെപ്പറ്റി വിമർശിക്കുന്നു: ഇല്ലാ.....മുള്ളിൽ—കുലടാവൃത്തിയിൽ തഴക്കവും പഴക്കവും സിദ്ധിച്ചിരുന്നിട്ടും അവളുടെ മനസ്സാക്ഷി തീരെ കെട്ടടങ്ങിയിട്ടില്ല.

Digitized By Kerala Sahitya Akademi

൩. കള്ളു നിറച്ചു, പുറത്തു ഗംഗാംബുവെ-
ന്നുള്ള പേരൊട്ടിച്ച പാനികളാൽ
പാവങ്ങൾ വഞ്ചിയ്ക്കപ്പെട്ടുപോയ്: **കാൺ**കെത്ര
പാവനമാം പദം—'ദേവദാസി'!

൪. ഇദ്ദേവദാസീവകുപ്പിനെസ്സൃഷ്ടിച്ച
പുത്തൻവിരിഞ്ചന്റെയിച്ഛയല്ലോ,
സ്ത്രീകളാം വീചികൾക്കായ് നീക്കിവെച്ചതീ
ലോകസമുദ്രത്തിൽ ദാസ്യനൃത്തം.

൫. തായാട്ടു പാടിപ്പഠിപ്പിച്ച കൂട്ടർതൻ
താളത്തിനൊത്തിങ്ങു തുള്ളുകയാൽ,
അപ്സരസ്ത്രീകളേ, നിങ്ങൾ നരകത്തി-
ലത്രേ പുലരുന്നു, വിണ്ണിലല്ല!

---

൩. വൃദ്ധയെ ഞെക്കിനിറുക്കുന്ന മാമൂലിനെ നിന്ദിയ്ക്കുന്നു: ഗംഗാംബു=ഗംഗാതീർത്ഥം. പാനി=ചെറിയ കുടം. വ്യഭിചാരരൂപമായ ദുഷ്കൃത്യത്തെ പരിശുദ്ധമായ 'ദേവദാസി'പദത്താൽ മറച്ചു സാധുസ്ത്രീകളെ അതിലേയ്ക്കാകർഷിച്ച ആ മാമൂൽ എത്ര ഗർഹണീയം!

൪. പുത്തൻവിരിഞ്ചൻ=പുതിയ സൃഷ്ടികർത്താവ്. സമുദ്രത്തിൽ എല്ലാ തിരകളും നൃത്തംചെയ്യുന്നുണ്ട്; ലോകസമുദ്രത്തിലോ, ചില വീചികൾ (സ്ത്രീകൾ) മാത്രമേ ദാസികളായി നൃത്തംചെയ്യുന്നുള്ളു. ഈ ഏർപ്പാടു ദേവദാസീസ്രഷ്ടാവിന്റെ (സ്വാർത്ഥപരന്മാരായ പുരുഷന്മാരുടെ) ഒരു പണിത്തരം തന്നെ. സ്ത്രീകളിൽ ചുമത്തപ്പെട്ട പാരതന്ത്ര്യം ധ്വനിയ്ക്കുന്നു.

൫. 'ഇമ്മന്നിലപ്സരസ്ത്രീകൾ നാം ...' എന്ന വൃദ്ധയുടെ സാഭിമാനമായ വാക്യത്തിനു മറുപടി പറയുന്നു: തായാട്ടു.....പ്പിച്ച—വേശ്യാധർമ്മം മുക്തികരമാണെന്നു വിശ്വാസം ഉണ്ടാക്കിത്തീർത്ത.

Digitized By Kerala Sahitya Akademi

൮. എന്തിനെൻറ തേജസ്സ്, അരുന്ധതീ! നക്ഷത്ര-
മന്തരിക്ഷാന്തരേ നിത്യദീപ്തം,
അപ്പാതിവ്രത്യവും പാഴ്കരിക്കട്ടപോ-
ലത്ഭുതം ദൃഷ്ടിമറിവിതല്ലോ!

൯. ഏതോ ചെകുത്താനിളിച്ചുകാട്ടുന്നതായ്
വാദിയ്ക്കപ്പെട്ടേയ്ക്കാം കൂരിരുളാൽ;
എന്നാലുമിങ്ങു വെളിച്ചം വെളിച്ചം താൻ—
എന്നെന്നും, സത്യം താൻ സത്യമേ, നീ!

൰. വാൎദ്ധകത്തിൻെറ ചുമയ്ക്കുലാലലക്കെട്ട-
വാശധാരയൊന്നു മുറിഞ്ഞ ലാക്കിൽ,
പുല്പായിൽനിന്നെഴുന്നേററിളം പെൺകൊടി
ശുഭ്രരാമായണപുസ്തകത്തെ,

---

൮. 'നിഷ്ഫലം സ്വാത്മമേ ....' എന്നു തുടങ്ങിയ ചാരിത്രനിന്ദയെപ്പററി കവി വ്യസനിയ്ക്കുന്നു: നിത്യദീപ്തം=എന്നും മിന്നിത്തിളങ്ങുന്നത്. പരിപൂതമായ പാതിവ്രത്യനിഷ്ഠയാലാണല്ലോ, അരുന്ധതീദേവി എന്നെന്നും ഉന്നതപദത്തിൽ മിന്നിത്തിളങ്ങുന്നത്. തേജസ്സിനേയും വെറും കരിക്കട്ടയായിക്കാണുന്ന ദൃഷ്ടിവൈപരീത്യം എത്ര ദയനീയം! 'ചാരിത്ര .... ചാരമെന്നത്രേ' ഇത്യാദി വൃദ്ധാവാക്യം സ്മരിയ്ക്കുക.

൯. കൂരിരുട്ട് (അജ്ഞാനം), അതിൻെറ പ്രതിയോഗിയായ വെളിച്ചത്തെ (സത്യത്തെ) ഏതോ ഒരു ചെകുത്താൻെറ ഇളിച്ചുകാട്ടലായിക്കരുതിയേയ്ക്കാം; എന്നാൽ അതുനിമിത്തം വെളിച്ചം ഇഗ്ഗുസ്രാവഹമോ ത്യാജ്യമോ ആയിത്തീരുന്നില്ല. അതുപോലെ ഈ വൃദ്ധയെപ്പോലുള്ളവരാൽ പഴിയ്ക്കപ്പെട്ടാലും പാതിവ്രത്യം എന്നെന്നും ശ്രേഷ്ഠധൎമ്മംതന്നെ.

൰. വൃദ്ധയുടെ ആ കെട്ട വാക്പ്രവാഹം, ഇത്തിരിനേരത്തെക്ക് ഒരു ചുമയാൽ തടയപ്പെടുകയാണുണ്ടായത്. ശുഭ്രം=വെളുത്തത്.

Digitized By Kerala Sahitya Akademi

ചെമ്പട്ടുകഞ്ചുകച്ഛന്നമായ്ത്താരുണ്യ-
സമ്പത്തുയൎന്നു വരുന്ന മാറിൽ
കല്ലും പവിഴവും പൊന്നുമണിഞ്ഞുള്ള
കണ്ഠം തൊടുമാറു വെച്ചഴകിൽ,
ഇത്തിരി ചാഞ്ഞൊരു തണ്ടലർപോലായ
വക്ത്രത്തിൻ കീഴ്‌വശംകൊണ്ടമൎത്തി,
കന്മോതിരമണിക്കൈത്താർകളാൽപ്പിന്നിൽ-
ക്കമ്രമാം കാർകൂന്തൽ കെട്ടിക്കൊണ്ടും,
പാവാടത്തുമ്പുകൾ മേൽപ്പുറം ചുംബിച്ച
പാടലപാദതലങ്ങളാലേ
കണ്ണാടിപോലാം നിലത്തു പദേ പദേ
കാശ്മീരച്ചാറു തളിച്ചുകൊണ്ടും,
വൃദ്ധാസമീപത്തുനിന്നു, തൻസച്ചിന്താ-
ശുദ്ധമാം മച്ചിലേക്കാഗ്ഗമിച്ചാൾ,
കാലേ കഥഞ്ചന പാഠാലയം വിട്ടു
ബാലകൾക്കുണ്ടാം തിടുക്കമോടേ.

൧൦. യൌവനചൈത്രമച്ചമ്പകവല്ലിയെ-
പ്പൂവണിയിച്ചു തഴപ്പിക്കയായ്:

കഞ്ചുകം=റൌക്ക. ഛന്നം=മറയ്ക്കപ്പെട്ടത്. താരുണ്യസമ്പത്ത്—സ്തനങ്ങൾ. കമ്രം=മനോഹരം. പാവാട ....ചുംബിച്ച—പൂവടിമേൽ പാവാടത്തുമ്പു വന്നു മുട്ടുന്ന. പാടലം=ചുകന്ന. പദേ പദേ=ഓരോരോ കാൽവെപ്പിലും. കാശ്മീരം=കുങ്കുമം. നല്ല മിനുപ്പുള്ള ആ നിലത്തു കാലടികളുടെ ചുകപ്പു നിഴലിക്കയാൽ അവിടെ കുങ്കുമച്ചാറു തളിച്ചപോലെ തോന്നപ്പെട്ടു. സച്ചിന്താശുദ്ധം=അവൾ ഇരുന്നു നല്ലതുമാത്രം വിചാരിക്കാറുള്ളതുകൊണ്ടു പരിശുദ്ധം. കാലേ=തക്ക സമയത്ത്. കഥഞ്ചന=വല്ല കണക്കിലും.

Digitized By Kerala Sahitya Akademi

എത്രയ്ക്കെത്രയ്ക്കു തെളിഞ്ഞു വിളങ്ങിയോ
നത്തകിതന്നുടൽ നാളിൽ നാളിൽ;
അത്രയ്ക്കത്രയ്ക്കു സുശോഭനമായി ത-
ച്ചിത്തവും സീതാഗുണാനുധ്യാനാൽ.

൧൦. എന്നാൽപ്പിടിച്ചുവലിച്ചിതു മുത്തശ്ശി
ദുർന്നയത്തിങ്കലേയ്ക്കോമലാളെ:
ഇന്നവ്യതാരുണ്യലാവണ്യം കാനന-
ചന്ദ്രികയായ്പ്പോകിലെത്ര കഷ്ടം—
വന്നേറി കാവൽക്കു ചാരിത്രപ്പാമ്പെങ്കി-
ലിന്നിധികൊണ്ടെന്തു സാധ്യം പിന്നെ!

൧൧. നിൻചേററിലുണ്ടായ്ക്കിളിർത്തതാണെങ്കിലു-
മഞ്ചിതമാകുമീയാമ്പലിനെ
അച്ചേററിലേക്കു താനാഴ്ത്താൻ ശ്രമിച്ചിട്ടെ-
ന്തു,ച്ചപിടിച്ചു വഴിക്കളുമേ?

---

൯. യൌവനചൈത്രം=യൌവനമാകുന്ന ചൈത്രമാസം (വസന്തത്തുവിലെ ആദ്യത്തെ മാസം). ചമ്പകം പൂക്കുക വസന്തത്തിലാണ്. ചമ്പകവല്ലി ഋതുമതിയായി എന്നു സൂചിപ്പിക്കുന്നു. ചമ്പകവല്ലിയുടെ ശരീരത്തിന് അഴകു വർദ്ധിച്ചു; സ്വഭാവത്തിൽ ഒരു സുഗന്ധവും വർദ്ധിച്ചു. അതുതന്നെ വിവരിക്കുന്നു: നത്തകി....ഉടൽ തെളിഞ്ഞു വിളങ്ങുവാൻ, ആരോഗ്യകരമായ നൃത്തവ്യായാമം കാരണമായി ഉദ്ദേശിക്കപ്പെട്ടിട്ടുണ്ട്. സീതാഗുണാനുധ്യാനാൽ=സീതയുടെ ഗുണങ്ങളെപ്പററി ഇടവിടാതെ വിചാരിച്ചിരുന്നതുകൊണ്ട്.

൧൦. ദുർന്നയം—വ്യഭിചാരം. അവളെ അങ്ങിനെ സന്നിശ്ചന്ധം പ്രേരിപ്പിക്കുമ്പോഴത്തെ വൃദ്ധയുടെ വിചാരം ഇതായിരുന്നു: 'ഇന്നവ്യ.... പിന്നെ!' നവ്യം=പുതിയ. ഇന്നിധി....ഈ യൌവനസൌന്ദര്യം.

൧൧. ആ കപടവൃദ്ധയെ ഉച്ചപിടിച്ച വഴിക്കളുമായും, വ്യഭി

Digitized By Kerala Sahitya Akademi

൧൨. വാശി വളൎന്നു ദുരാശയാം വൃദ്ധയ്ക്കാ,-
പ്പേശലാംഗിക്കു പൊറുതികേടും;
ചേട്ടയും ലക്ഷ്മിയും തമ്മിലെശ്ശണ്ഠയാ
വീട്ടിലുണ്ടായ്വന്നു വീണ്ടും വീണ്ടും.

൧൩. ഏകദാ, വല്ലിതൻ രാമായണോൽഗീത-
മാകൎണ്ണനംചെയ്തു സൂൎയ്യൻ ക്രമാൽ
പൎയ്യുജ്ഝിതോഷ്മാവായ്സ്സൌമ്യനായ്പ്പശ്ചിമ-
പൎവ്വതപ്രാന്തത്തിൽ വിശ്രമിയ്ക്കെ,
അമ്പതോളം വയസ്സായൊരു പൂരുഷൻ
സംഭൃതോദ്ദീപ്തസുഗന്ധിവേഷൻ
തത്ര വന്നൊ,ന്നു മുറുക്കി, മുത്തുക്കിയു-
മൊത്തു സല്ലാപം തുടങ്ങി മെല്ലെ.

ചാരവൃത്തിയെ ചേറായും, ചമ്പകവല്ലിയെ അതിൽനിന്നുണ്ടായ പ്രാമ്പൽപ്പൂവായും അധ്യവസാനം ചെയ്തിരിയ്ക്കുന്നു. അഥവാ, വൃദ്ധയ്ക്കു പ്രേരകമായ വേശ്യാധൎമ്മംതന്നെ വഴികളമായി അധ്യവസാനം ചെയ്യപ്പെടാം. കിളിൎക്കുക=പൊങ്ങുക. അഞ്ചിതം=മനോഹരം. വൃദ്ധയുടെ ദുഷ്പ്രേരണയാൽ കുമാരി അധഃപതിയ്ക്കുകയില്ലെന്നു താല്പൎയ്യം.

൧൨. ദുരാശ=ദുഷിച്ച ആഗ്രഹത്തോടു കൂടിയവൾ. ഈ പൊറുതികേടു ചമ്പകവല്ലിയുടെ കത്തിൽനിന്നറിയാം.

൧൩. ഏകദാ=ഒരുനാൾ. രാമായണോൽഗീതം=രാമായണം ഉച്ചത്തിൽ പാടൽ. പൎയ്യുജ്ഝിതോഷ്മാവ്=ചൂടു വെടിഞ്ഞവൻ; വിഷയജ്വരം വിട്ടവൻ എന്നും. പശ്ചി......പ്രാന്തം=അസ്തമയപൎവ്വതത്തിന്റെ ചെരുവ്. ഇതിഹാസശ്രവണത്താൽ വിഷയവൈരാഗ്യം വന്നു സന്യസിച്ചു എന്നു ധ്വനി. സംഭൃ.....വേഷൻ=മിന്നിത്തിളങ്ങുന്നതും സുഗന്ധമുള്ളതുമായ വേഷമണിഞ്ഞവൻ. തത്ര=ആ വീട്ടിൽ.

Digitized By Kerala Sahitya Akademi

൧൪. ഇമ്പമിയന്നപ്പൂമാനു,മയാളുടെ
വൻപണസ്സഞ്ചിയും, മുമ്പുപിമ്പായ്
വന്ധകീവൃദ്ധതൻ മുന്നിൽസ്സമർപ്പിച്ചി-
തന്തർഗ്ഗതങ്ങളെയാകമാനം.

൧൫. വൃദ്ധയോ, ദൌഹിത്രിക്കന്നാദ്യമായിട്ടു
ലബ്ധമാകുന്ന പൊൻനാണ്യമെല്ലാം
രണ്ടുകൈകൊണ്ടുമെടുത്തു, ജരാക്രാന്തി-
കൊണ്ടൊളി മങ്ങിയ കണ്ണുകളിൽ
വെവ്വേറെ മൂന്നുരു വെച്ചാ വെൺകക്കകൾ-
ക്കവ്യക്തമായൊരു മിന്നലേററി,
'വല്ലാത്ത നാണക്കരുന്നാണേ;-കത്തെച്ചു,
ചെല്ലമുറങ്ങിയാൽച്ചെല്ലുകെ'ന്നാൾ.

൧൬. ഈ വാക്കൊരമ്പായ്പ്പതിച്ചു യദൃച്ഛയാ
കാർവേണിതയ്യലിൻ കണ്ണുങ്ങളിൽ;

---

൧൪. വന്ധകി=വേശ്യ. ആദ്യം ആ പുരുഷൻ തന്റെ അന്തർഗ്ഗതം (=അഭിലാഷം) മുഴുവൻ ആ തള്ളയോടു പറഞ്ഞു; പിന്നെ അയാളുടെ വലിയ പണസ്സഞ്ചി, തന്റെ അന്തർഗ്ഗതങ്ങളെ (ഉള്ളിലുള്ള പൊൻനാണ്യങ്ങളെ)യെല്ലാം അവളുടെ മുമ്പിൽ ചൊരിഞ്ഞു.

൧൫. ദൌഹിത്രി=മകളുടെ മകൾ. ജരാക്രാന്തി=വാർദ്ധക്യത്തിന്റെ ആക്രമണം. ആ വെൺകക്കകൾ...ജരമൂലം വിളർപ്പു കയറിയ കണ്ണുകൾ. അവ്യ.. ലേററി—പൊൻനാണ്യങ്ങൾ അടുപ്പിച്ചപ്പോൾ ആ കണ്ണുകൾക്ക് ഒരു മിന്നിച്ച വന്നു; സന്തോഷപ്രകാശം സ്ഫുരിച്ചു എന്നും. പണം കിട്ടിയാൽ അതെടുത്തു കണ്ണിൽ വെക്കുന്നത് ഒരു തരം പഴയ ആചാരമാണ്. ചെല്ലം=ഓമന.

൧൬. അമ്പായ്പ്പതിച്ചു—അമ്പുപോലെ ചെന്നു തറച്ചു. കവി

൧൬

Digitized By Kerala Sahitya Akademi

ആവതെന്തിങ്ങയ്യോ, പിന്നെച്ചതിപ്പോനാം
രാവണനിപ്പുമാൻ, കൊച്ചുസീതേ!

൧൭. ആഗതയായിതു രാത്രിയും, ജാരന്റെ-
യാകുലാപേക്ഷയാലെന്നപോലെ;
പിന്നെയൊരു കിംകരി വന്നാംഗ്യം കാണിച്ചു
വെമ്പിയെണീററാ വിരുന്നുകാരൻ
സഞ്ചിതതാംബൂലശോണിമാവാലൊരു
പുഞ്ചിരി സമ്മാനമായി നല്കി,
കാർത്തസ്വരക്കസവിട്ട പട്ടുറാപ്പു
കൈകത്തണ്ടിൽ വീണ, തെറുത്തു വീണ്ടും
തോളത്തു—കണ്ഠസ്ഥകാഞ്ചനരുദ്രാക്ഷ-
നൂലിന്റെ ചാരത്തു—തന്നെ ചാർത്തി,
വൈരക്കടുക്കൻ ശരിപ്പാക്കലാലങ്ങു
വേറെയും രണ്ടു ഗുളോപ്പു തൂക്കി,

ചമ്പകവല്ലിയോടു പറയുന്നു: 'ആവതെ......സീതേ!' അഥവാ, അവളുടെ അന്തഃകരണംതന്നെ അവളോടു പറയുന്നതാണിത്: സീതയെപ്പോലെയാകാൻ പലപ്പോഴും വിചാരിച്ചുകൊണ്ടിരിക്കാറുള്ള അവൾക്ക് ഈ വാക്കു കേട്ടപ്പോൾ, രാവണന്റെ കഥ ഓർമ്മയിൽ വന്നു: 'സീതയെപ്പോലെയാവാൻ ആഗ്രഹിക്കുന്ന എന്നെ ചതിക്കാൻ വന്ന രാവണനാണ് ഈ മനുഷ്യൻ! അയ്യോ ഞാനെന്തു വേണ്ടു!'

൧൭. ആകുലാപേക്ഷ=കെഞ്ചിയപേക്ഷിക്കൽ. വൃദ്ധയുടെ വാക്കു കേട്ടതു മുതൽ ആ മനുഷ്യൻ രാത്രി വരുന്നതും കാത്തിരിപ്പായി എന്ന്, ആദ്യത്തെ ഈരടികൊണ്ടു പറഞ്ഞു. സഞ്ചി.....മാവ്=മുറുക്കിൻചുകപ്പോടുകൂടിയ. ആ വക പ്രഭുക്കന്മാർ തങ്ങളുടെ നേരെ ഒന്നു പുഞ്ചിരിയിടുന്നതുതന്നെ, ഭൃത്യസ്ത്രീകൾക്കു പൊൻനാണ്യം സമ്മാനം കിട്ടലാണല്ലോ. കാർത്തസ്വരം=സ്വർണ്ണം. കണ്ഠ.... നൂല്=കഴുത്തിലിട്ട പൊൻപൊതിഞ്ഞ രുദ്രാക്ഷംകോർത്ത നൂല്. വൈര.....

3 *

Digitized By Kerala Sahitya Akademi

കാമൻ കടുംതുടി കൊട്ടുന്ന നെഞ്ചുകാൎക്ക്-
ക്കാൽ മാത്രം വെച്ചു നടന്നു, താനേ,
അന്യായമിന്നോളം തീണ്ടിയിട്ടില്ലാത്ത
കന്യാനികേതത്തിൽച്ചെന്നുകേറി,
'എന്തിവൾ മൂടിപ്പുതച്ചു കിടക്കുന്നു-
തെ'ന്നാഞ്ഞു കട്ടിലിൽ വീണു—ഹാഹാ,
നിമ്മീലിതങ്ങളായ്പ്പോയിതോ, ധൎമ്മമേ,
നിത്യവിനിദ്രങ്ങൾ നിൻകണ്ണുകളും!
പ്രവൃ. ഇല്ലില്ല, ഭാഗ്യത്താല,പ്പുമാൻതൻ ഭുജാ-
വല്ലിയാൽ വേഷ്ടിതമായ രൂപം,
ചേലൊത്ത ചേലയാൽ മൂടിവെച്ചുള്ളൊരു
നീളൻതലയണയായിരുന്നു:
ജാലരന്ധ്രാപ്തനിലാവിനെ നക്കിനാൻ
പാലെന്നോൎത്തിപ്പൂച്ച, പാവം, പാവം!

തൂക്കി—മറിഞ്ഞു കിടന്നിരുന്ന വൈരക്കെട്ടുകൾ ശരിയാക്കിയപ്പോൾ, ആതളത്തിൽ ആദ്യമുണ്ടായിരുന്ന ഗുളോപ്പുകൾക്കു പുറമേ വേറെ രണ്ടു ഗുളോപ്പുകൾകൂടി തൂക്കിയാലത്തെപ്പോലെ, അവ കിടന്നു മിന്നി. കാമൻ .... ഞ്ചുകാൎക്ക്—കാമവികാരത്താലുള്ള നെഞ്ചിടിപ്പോടുകൂടി. കടുംതുടി=കയ്യിൽ പിടിച്ചു കൊട്ടുന്ന തുടി. കന്യാനികേതം=കന്യകയുടെ അറ. നിമ്മീലിതങ്ങൾ=ചിമ്മപ്പെട്ടവ. 'ആ ബാലിക ഉറങ്ങിപ്പോയിരിക്കാം; എന്നാൽ, ധൎമ്മമേ, നിത്യവിനിദ്രങ്ങളായ(=ഒരിക്കലും ഉറക്കമില്ലാത്ത) അങ്ങയുടെ കണ്ണുകളും അടഞ്ഞുപോയോ! നിന്തിരുവടി ഇതു കാണുന്നില്ലേ?' എന്നു കവി സംഭ്രമിക്കുന്നു.

പ്രവൃ. ഇല്ലില്ല—ധൎമ്മം നിദ്രയിൽപ്പെട്ടിട്ടില്ല; ധൎമ്മം അവളെ രക്ഷിച്ചു കഴിഞ്ഞിരിക്കുന്നു: അപ്പുമാൻ..... തമായ=അയാൾ കൈകൊണ്ടു കടന്നാലിംഗനം ചെയ്തു. ജാല..... ലാവ്=ജനൽപ്പഴുതിലൂ

പ്രവൃ

Digitized By Kerala Sahitya Akademi

പൊൻപണം വാങ്ങിച്ചതിച്ചോ മുത്തുമുത്തി?
ചമ്പകമെങ്ങു പോയെ,ങ്ങു പോയ്പ്പോയ്?

ടേ വന്ന (അറയിലെ നിലത്തു തട്ടിയ) ചന്ദ്രിക. രാത്രിയിൽ 'കാൽശബ്ദം വെച്ച്' പതുങ്ങിപ്പിടിച്ചു വന്ന ആ വൃദ്ധനെ ഗൃദ്ധ്രയായിക്കല്പിച്ചു; ചേലകൊണ്ടു മൂടിയ തലയണയെ, പാലാണെന്നു തെറ്റിദ്ധരിക്കപ്പെട്ട നിലാവായും. 'പൊൻപ.. ...ഭാഗത്തുള്ളത്' എന്നത് ആ കാമുകന്റെ താൽക്കാലികവികാരത്തെ അനുഭവിച്ചതാണ്.

Digitized By Kerala Sahitya Akademi

XII

(പാന)

൧. ചമ്പകവല്ലി വിട്ടൊരെഴുത്തിതാ,
തൻപവിത്രഹൃദ്രക്തവിലിഖിതം;
അക്കഥ നോക്കി വായിപ്പുകൊൾകിതി-
ലക്ഷികൾക്കശ്രുബാധയില്ലാത്തവർ: —

൨. "ദേവദാസി ഞാൻ മാനുഷദാസിയായ്
മേവണംപോലി, താണെൻകുലാചാരം.
യൌവനോൽഗമേ ഞങ്ങൾ പറയടി-
ച്ചാ 'വയസ്സറിയിപ്പ്' നടത്തണം;

൩. ഇപ്പെരുമ്പറ കൊട്ടലനാചാര-
ദൃപ്തഭൂതമേ, നിൻജയോൽഘോഷണം —
ശ്രോത്രഭേദി ഹാ, മർത്ത്യന്റെ സോദരീ-
ഗോത്രനിന്ദനശബ്ദകോലാഹലം!

---

൧. പവി.... ലിതം = പവിത്രമായ ഹൃദയരക്തംകൊണ്ടെഴുതിയത്. ഹൃദയം പിളർന്ന് (ഹൃദയവേദനയോടെ) എഴുതിയതിനെ ഹൃദയരക്തംകൊണ്ടെഴുതിയതായി കല്പിച്ചിരിക്കുന്നു. അക്കഥ — 'ചമ്പകമെങ്ങു പോയി' എന്ന കഥ. അക്ഷി.... ത്തവർ = കരച്ചിൽ വരാത്തവർ. കരയുന്നവരാണെങ്കിൽ, കണ്ണിലെ കണ്ണുനീർ വന്ന് അക്ഷരങ്ങൾ കണ്ടില്ലെന്നുവരാം.

൨. പേരുകൊണ്ടു ദേവദാസിയാണ്; ദാസിയാകേണ്ടതാം, മനുഷ്യർക്ക് — ഇതാണത്രേ കുലാചാരം! യൌവനോൽഗമേ = യൌവനാരംഭത്തിൽ. ഒരു ദേവദാസി ഋതുമതിയായാൽ, ആ വൃത്താന്തം 'വയസ്സറിയിപ്പ്' എന്ന പേരിൽ പരസ്യമായി കൊട്ടിയറിയിക്കുക പതിവുണ്ട്.

൩. ശ്രോത്രഭേദി = ചെകിട് പിളർക്കുന്നത്. ഗോത്രം = വർഗ്ഗം. ഈ പെരുമ്പറയടി അനാചാരത്തിന്റെ ജയഘോഷവും പുരുഷൻ അവന്റെ സോദരിമാരെ നിന്ദിക്കുന്ന കോലാഹലവുമാണ്.

Digitized By Kerala Sahitya Akademi

൪. കോവിലിൽ നൃത്തമാടുവാനല്ലാതെ,
പാഴ്‌വിടന്മാർക്കു പാവയായാടുവാൻ
ഞാനൊരുങ്ങീല; മാതാമഹിക്കിതു
ദ്ദുരന്തമേററി രണ്ടാം ജര പോലെ.

൫. സീതയെപ്പോലെ സുസ്ഥിരചാരിത്രാ-
പേതയാകണമെന്നൊരാശംസയാൽ,
സാധുരാമായണത്തിന്റെ രാജ്യത്തു
നീതിലംഘനകാരിയായ്ത്തീർന്നു ഞാൻ!

൬. 'വിട്ടുപോയ് ദേവി സീതക്കു നൈവേദ്യം
മൃഷ്ടമായൊരുക്കാനെ'ന്നിടക്കിടെ
പട്ടിണിക്കിട്ടു തള്ളയില്ലാത്തൊരു
കുട്ടിയാമെന്നെ മുത്തശ്ശി രുഷ്ടയായ്.

---

൪. മാതാമഹി = മുത്തശ്ശി. ദുരന്തം = ദുഃഖം. മുത്തശ്ശിക്കു ജരാവന്നതിനാലുണ്ടായ നഷ്ടമെന്തോ, അതുതന്നെയാണ് ദേവകിക്കുട്ടിയുടെ ഈ നൃത്തവിദ്യയെക്കൊണ്ടും ഉണ്ടാവുന്നത്; അതിനാലത്രേ, അതു രണ്ടാമതൊരു ജര വന്നപോലെയായത്.

൫. സുസ്ഥിര .... പേത = ഏററവും ഉറച്ച ചാരിത്രത്തോടു കൂടിയവൾ. ഏതു രാജ്യത്ത് അതിമനോഹരമായ രാമായണമെന്ന ഒരു ലോകോത്തരഗ്രന്ഥം ഉണ്ടായോ, അവിടെ ആ ഗ്രന്ഥത്തിലെ പൂജാർഹയായ നായികയെ അനുസരിച്ചു ജീവിക്കുവാനാഗ്രഹിക്കുന്നത് അധർമ്മമായിത്തീർന്നുവല്ലോ! രാമായണം ഇത്ര സാധു (= പാവം) ആയിത്തീർന്നുവല്ലോ!! ചമ്പകവല്ലിയുടെ ചാരിത്രനിഷ്ഠ അധർമ്മമാണെന്നായിരുന്നു വൃദ്ധയുടെ വാദം.

൬. ആ വൃദ്ധ ചമ്പകവല്ലിയെ 'സീതാദേവി' എന്ന് ഈർഷ്യയോടെ വിളിക്കുകയും, ''ഇന്നു സീതാദേവിക്കു നൈവേദ്യം തയ്യാറാക്കാൻ മറന്നുപോയി!'' എന്നു പറഞ്ഞ് അവൾക്കു ഭക്ഷണം കൊടുക്കാതിരിക്കുകയുംകൂടി ചെയ്തു. രുഷ്ട = ശുണ്ഠിയെടുത്തവൾ.

വ. ഫ

Digitized By Kerala Sahitya Akademi

൬. ആ വിബാധമാം മാതൃസംലാളന-
ത്താഴ്‌വരയിൽനിന്നിക്കൊച്ചരുവിയെ
ദൂരഗയാക്കിവിട്ടിതു, ദുർദ്ദിന-
കാരി യൗവനക്കാറിൻ സമാക്രമം!

൭. വേലി വഞ്ജിതം വേശ്യമാക്കു, മണ്ണ-
വാളരോ, യഥാകാമമനേകം പേർ;
താളിയോലക്കുറിപ്പിതെൻ തപ്താശ്രു-
ക്ഷാളനാലവക്കേറെത്തെളികയായ്.

൮. അല്ലലിൻ നവ്യനവ്യവീർപ്പാൽ പക-
ലല്ലുകളുന്തിനീക്കിക്കഴിക്കവേ,
നല്ല കന്മതിൽ ചുററുമുള്ളെൻവീട്ടി-
ലില്ല രക്ഷയെൻമാനത്തിനൊന്നായി.

---

൬. വിബാധം=ബാധയില്ലാത്തത്. മാതൃ.... വാ=മാതാവിന്റെ (—മുത്തശ്ശിയുടെ) ലാളനമാകുന്ന മലഞ്ചെരുവ്. ദൂരഗ=അകന്നു പോയവൾ. ദുർദ്ദിനകാരി=ദുർദ്ദിനം(=കാറു മൂടിയ ദിവസം) ഉണ്ടാക്കുന്ന. മലയുടെ താഴ്‌വരയിൽ വിഹരിക്കുന്ന കൊച്ചരുവി, മഴ തുടങ്ങിയാൽ അവിടം വിട്ടു ദൂരത്തേക്കൊഴുകുന്നു. തള്ളയില്ലാത്ത കുട്ടിയും, ബാല്യത്തിൽ മുത്തശ്ശി അതിവാത്സല്യത്തോടെ ലളിച്ചുവള്ളമായ ചമ്പകവല്ലി, യൗവനം വന്നതോടുകൂടി മുത്തശ്ശിയുടെ വൈരത്തിനു പാത്രമായിപ്പോയി.

൭. യഥാകാമം=കാമത്തിനൊത്തവണ്ണം. താളിയോലക്കുറിപ്പ്—ഗ്രന്ഥവരി (മാമൂൽ). തപ്താശ്രുക്ഷാളനം=ചുടുകണ്ണീർകൊണ്ടു കഴുകൽ. പനയോലയിലെ എഴുത്തു വെള്ളം തട്ടിയാൽ അധികം തെളിയും. അവൾ എത്രത്തോളം വ്യസനിക്കുന്നുവോ, അത്രത്തോളം വൃദ്ധയുടെ മാമൂൽപ്പിടുത്തം മുറുകുകയാണുണ്ടായത്.

൮. നവ്യനവ്യവീർപ്പ്=പുതിയ പുതിയ നിശ്വാസം. ഓരോ ദിവസവും ഓരോ തരം 'പൊറുതികേട്' നേരിട്ടുകൊണ്ടിരു

Digitized By Kerala Sahitya Akademi

൫൦. എൻനിധിയിക്കൂരിരുളിൽപ്പൊതി-
ഞ്ഞെന്നിശി കൊണ്ടുപോരാതിരിക്കിലോ,
വന്നാ ചോരൻ കടന്നു കവർന്നോനേ;
വന്ദ്യവൈദേഹി തക്കത്തു തോന്നിച്ചു!

൫൧. ഊൺ കഴിച്ചു കിടന്നു കൺ ചിമ്മിയ
ഞാൻ കുറച്ചിടയ്ക്കുള്ളിൽ നിഗൂഢമായ്
വീടു വിട്ടു വെളിയ്ക്കു പോന്നോടിനേൻ
വേടനമ്പെയ്ത മാൻപേടപോലവേ.

൫൨. അന്ധവിശ്വാസമെന്നപോലെമ്പാടു-
മന്ധകാരം പരന്നു കിടക്കിലും,
എൻതലയ്ക്കു മേൽക്കാണായി, സത്യത്തിൻ
പൊൻതെളിലിപിയോരോന്നുഡുച്ഛലാൽ.

൫൩. താരകങ്ങളേ, നിങ്ങളിൽ വർത്തിച്ചു-
പോരുമെൻമുത്തുമുത്തശ്ശിമാരെല്ലാം

---

൪൯. നിശ്വാസത്തെ രാപ്പകലുകൾ ഉന്തിനീക്കുവാനുള്ള ഉപകരണമായിക്കല്പിച്ചിരിക്കുന്നു. നല്ല..... നായി—മതിൽ കെട്ടുന്നതു രക്ഷയ്ക്കു വേണ്ടിയാണല്ലോ.

൫൦. എൻനിധി—മാനം. അവളുടെ ചാരിത്ര്യധനത്തെ രക്ഷിപ്പാൻ അന്നത്തെ കൂരിരുട്ടു കൂടുതൽ സഹായിച്ചു. വന്ന ചോരൻ—ആ ജാരൻ.

൫൧. അവൾ കുറച്ചിട കൺ ചിമ്മിക്കിടന്നതു് (ഉറക്കം നടിച്ചതു്), ആ ദാസിയെ തെറ്റിദ്ധരിപ്പിച്ചു, തഞ്ചത്തിൽ പാഞ്ഞുപോരാനാണു്.

൫൨. ഉഡുച്ഛലാൽ=നക്ഷത്രമെന്ന വ്യാജേന. എല്ലായിടവും അജ്ഞാനവും അന്ധാചാരവുമായിരുന്നിട്ടും, ചമ്പകവല്ലിയുടെ ഉള്ളിൽ സത്യത്തിന്റെ ഏതാനും കനകാക്ഷരങ്ങൾ തെളിഞ്ഞു കാണപ്പെട്ടു.

Digitized By Kerala Sahitya Akademi

ദൂരതകൊണ്ടു കാണ്മതില്ലെന്നോ
ഭാരതത്തിന്റെ വൈപരീത്യങ്ങളെ:
൫൪. മൃത്യുദണ്ഡിനെത്തന്നെയും തൃക്കാല്ക്കൽ
ക്കൢപ്തദണ്ഡനമസ്കാരമാക്കിയോർ;
അർക്കനെപ്പോലുമാജ്ഞാമഹത്താപത്താ-
ലല്ലിൽനിന്നു പൊന്താതെ നിറുത്തിയോർ;
മൌഢ്യജാതമാം മുഷ്കിനെയാർദ്രമാം
നോട്ടമേകൊണ്ടു ഭസ്മീകരിച്ചവർ;
നാട്ടിനൊട്ടുക്ക നേരിട്ട ദാഹത്തെ
നാലു കണ്ണുനീർത്തുള്ളിയാൽ നീക്കിയോർ;

൫൩. താരകങ്ങളേ—അന്നു കണ്ട നക്ഷത്രങ്ങളെത്തന്നെ സ്മരിക്കുന്നു. ദൂരതകൊണ്ട്=(ഭൂമണ്ഡലത്തിൽനിന്നു നക്ഷത്രലോകത്തെത്തുള്ള) അകൽച്ചമൂലം. വൈപരീത്യം=(പണ്ടത്തെ സ്ഥിതിയിൽനിന്നു) നേരെ വിപരീതമായ സ്ഥിതി.

൫൪. ആ മുത്തുമുത്തശ്ശിമാരിൽ ചിലരെ—പുരാണേതിഹാസചരിത്രനായികമാരെ—ഓരോ ഈരടിയിലായി അനുസ്മരിക്കുന്നു. കൢപ്തദണ്ഡനമസ്കാരം=ദണ്ഡനമസ്കാരം ചെയ്തത്—സാവിത്രി: അവൾ, മൃത്യുവിനെ കീഴ്പെടുത്തി, നഷ്ടായുസ്സായ ഭർത്താവിനെ വീണ്ടെടുത്തുവല്ലോ. ആജ്ഞാമഹത്താപം=കല്പനയുടെ കടുത്ത്. അല്ലിൽനിന്നു പൊന്തുക=ഉദിക്കുക—ശീലാവതി: അവൾ, തന്റെ ഭർത്താവു മുനിശാപംമൂലം സൂര്യോദയത്തിൽ മരിക്കുമെന്നറിഞ്ഞപ്പോൾ, സൂര്യോദയംതന്നെ തടഞ്ഞു നിർത്തിയല്ലോ. മൌഢ്യജാതമാം മുഷ്ക്—അറിവില്ലായ്മയാൽ ബലാൽകാരത്തിനു വന്ന ആ വേടൻ. ആർദ്രം=ദയയോടു കൂടിയ; നനഞ്ഞ എന്നും. ദമയന്തി, 'കഷ്ടം, അറിഞ്ഞുകൂടായ്മയാൽ ഇവൻ എന്നെ ഉപദ്രവിക്കുന്നുവല്ലോ!' എന്ന് അനുകമ്പയോടെ ഒന്നു നോക്കിയതുകൊണ്ടാണല്ലോ വേടൻ വെന്തു പോയത്. നാട്ടി .... നീക്കിയോർ—കാശ്മീരരാജാവായ തുഞ്ജീനന്റെ പത്നിയായ വാക്പുഷ്ട, നാട്ടിലൊക്കെ ദുർഭിക്ഷം ബാധിച്ചു പ്രജകൾ

Digitized By Kerala Sahitya Akademi

പ്രേമശുദ്ധിയാൽ, നഞ്ഞു കുടിച്ചതും
യാമുനോദകപാനമെന്നാക്കിയോർ;
മാനരക്ഷയ്ക്കൊരിതീയുമാലയോ-
ദ്യാനരക്താബ്ജവാപിപോലുൾപ്പുക്കോർ.

൫൭. അപ്പതിവ്രതമാരുടെ രാജ്യത്തു,
തൽപ്പരിഷയിൽത്തന്നേ ജനിച്ചവർ,
കാമകിങ്കരന്മാരുടെ കൈത്തൊഴി-
ലാമൊരുതരം കണ്ണട വെയ്ക്കയാൽ

പൈദാഹങ്ങളാൽ കഴങ്ങിയ ഒരു സന്ദർഭത്തിൽ, ദുഃഖിതയായി ദേവപൂജാദികൾ അനുഷ്ഠിച്ചു; അതിന്റെ ഫലമായി ആകാശത്തുനിന്നു പല തരം പക്ഷികളുടെ ശവങ്ങൾ വീണു; അവ ഭക്ഷിച്ചു പ്രജകൾ വിശപ്പടക്കി; ക്രമേണ നാട്ടിൽ ദുർഭിക്ഷവും ശമിച്ചു. അവളുടെ ആ പ്രഭാവകഥയെ 'നാലു കണ്ണുനീർത്തുള്ളി'യായി കല്പിച്ചിരിക്കുന്നു; അതനുസരിച്ചു നാട്ടിലെ ദുർഭിക്ഷത്തെ ദാഹമായിട്ടും. യാമുനോദകം=കാളിന്ദീജലം. വിഷവും കാളിന്ദീജലവും കറുത്തിട്ടാണല്ലോ—മേവാറിലെ മഹാറാണാവായിരുന്ന കുംഭന്റെ പത്നിയായ മീരാബായി: തന്നെ ചെറുപ്പംമുതല്ക്കേ താൻ ശ്രീകൃഷ്ണന്റെ പത്നിയാണെന്നു ധ്യാനിച്ചുപോന്ന മീരാബായി, ശക്തിപൂജകനായിരുന്ന ഭർത്താവിനു് അനിഷ്ടയായി; അങ്ങിനെ അവളിൽ വ്യഭിചാരശങ്കിയായ റാണാ അവളെക്കൊണ്ടു നിർബ്ബന്ധിച്ചു വിഷം കുടിപ്പിച്ചു; പക്ഷേ അവൾ മരിച്ചില്ല! മാന ... പുക്കോർ—ചിത്തൂരിലെ റാണാവായ ഭീമസിംഹന്റെ പത്നിയായ പത്മിനി, അവളിൽ അനുരക്തനായ അലാവുഡീൻ വന്നു യുദ്ധംചെയ്തു നഗരം കീഴടക്കി എന്നറിഞ്ഞപ്പോൾ, മാനരക്ഷയ്ക്കായി നഗരത്തിലെ സ്ത്രീകളെല്ലാവരോടുംകൂടി കത്തിപ്പടന്ന തീയിൽ, ആലയോദ്യാനരക്താബ്ജവാപിയിൽ(=ഗൃഹോദ്യാനത്തിലെ ചെന്താമരപ്പൊയ്കയിൽ) എന്നപോലെ നിശ്ശങ്കം ചാടി ദഹിച്ചു.

൫൭. ആ പാതിവ്രത്യശാലിനികളുടെ രാജ്യത്തു് ഇന്നത്തായി ഭവിച്ചു? തൽപ്പരിഷയിൽ—സ്ത്രീവർഗ്ഗത്തിൽ. കാമകിങ്കരന്മാർ=കാമ

Digitized By Kerala Sahitya Akademi

വെണ്മയെക്കറുപ്പായിട്ടു—നന്മയെ-
ത്തിന്മയായിട്ടു—കണ്ടുകണ്ടീവിധം
പാപദാരിദ്ര്യരോഗകൂപങ്ങളി-
ലാപതിച്ചടിഞ്ഞെല്ലോ കിടക്കുന്നു!
(അക്ഷരമിങ്ങു കൈവിറയാൽച്ചേരി-
ഞ്ഞത്രൂ, ശ്രുപാതാൽ നനഞ്ഞുമിരിക്കുന്നു.)

൫൩. മന്ദിരാൽപ്പാഞ്ഞു രാവിൻമറയിൽവെ-
ച്ചന്നു സൂക്ഷിച്ച ചാരിത്രമെൻധനം
ഇന്നി മൃത്യുവിൻപെട്ടിയിൽത്താൻ കൊണ്ടു-
ചെന്നുവെയ്ക്കിലേ സംരക്ഷിതമാകൂ;
൫൪. അപ്പരിഭ്രമപ്പാച്ചിലിൽ വൻകിത-
പ്പിപ്പൊഴും—പത്തുനാളിനു ശേഷവും—
ഉൽപ്പതിപ്പതുണ്ടെൻപ്രാണവായുത-
ന്നഭ്രയാത്രയ്ക്കുകമ്പടിക്കാരനായ്!

ൻെറ ഭൃത്യന്മാർ (വിടന്മാർ). കാമനാടിമകളായ ചില പുരുഷന്മാരു ടെ മനോധർമ്മമായ ധർമ്മോപദേശം കേട്ടു വിശ്വസിച്ച് ഇതാ, പാപവും പട്ടിണിയും മഹാവ്യാധികളുമാകുന്ന പാഴ്കിണറുകളിൽ വീണടിഞ്ഞു കിടക്കുന്നു! മാതൃഭൂമിയുടെ ഈ അതിദയനീയമായ അവസ്ഥാപരിണാമത്തെപ്പററി എഴുതുമ്പോൾ, സാധ്വിയായ ചമ്പകവല്ലി തേങ്ങിക്കരഞ്ഞുപോയി എന്നു സൂചിപ്പിക്കുന്നതാണ്, '(അക്ഷര ..... രിക്കുന്നു)' എന്ന വലയിതവാക്യം.

൫൩. മന്ദിരാൽ=വീട്ടിൽനിന്ന്. രാവിൻമറ—ഇരുട്ട്. തൻെറ ചാരിത്രം രക്ഷിപ്പാൻ ഇനി ആത്മഹത്യചെയ്യുകയേ നിർവ്വാഹമുള്ളു എന്ന് അവൾക്കു ബോധപ്പെട്ടുകഴിഞ്ഞു.

൫൪. ഉൽപതിക്കുക=പൊങ്ങിപ്പുറപ്പെടുക. അഭ്രയാത്ര=ആകാ

Digitized By Kerala Sahitya Akademi

൧൯. ദ്യോവിലെത്തി ഞാൻ പ്രാചീനഭാരത-
ദേവിമാരോടു നേരിട്ടണഞ്ഞവൻ,
മത്സഹോദരിമാരുടെയിന്നത്തെ
നിസ്സഹായതാസങ്കടമാകെയും.

൨൦. ഇത്രയുംകൊണ്ടു, തുച്ഛമെൻ ജീവിത-
നർത്തനം കലാശിപ്പിച്ചുകൊള്ളുവാൻ
ഉൾ കനിഞ്ഞനുവാദമരുളട്ടേ
കാൽ കഴുകുമിദ്ദാസിയ്ക്കു ദേവകൾ!

൨൧. അൻപിയന്നു പൊറുക്കുകെൻമുത്തശ്ശി,
ചമ്പകക്കുട്ടി ചെയ്ത തെറ്റൊക്കെയും;
മുമ്പു ചെൽവനമുത്ര, ഭവതിയെ-
യെൻപ്രിയാംബയോടൊത്തെതിരേല്പുവാൻ.

ശ(പരലോക)യാത്ര. അന്നുണ്ടായ ചാരിത്രഭംഗഭയം ഇന്നും വിട്ടിട്ടില്ല; അതവളെ പരലോകയാത്രയ്ക്കുത്സാഹിപ്പിയ്ക്കുന്നു.

൧൯. ദ്യോവ് = വാന്. പ്രാചീ ... വിമാർ—സാവിത്രി മുതൽ പേർ. നിസ്സഹായതാസങ്കടം = അനാഥത്വം മൂലമുള്ള കഷ്ടപ്പാട്.

൨൦. ദേവകൾ മുത്തശ്ശി മാതൃഭൂമി എന്നിവരോടു ക്രമേണ യാത്ര പറയുന്നു: കാൽ കഴച്ചാൽപ്പിന്നെ നൃത്തം പിഴച്ചുതുടങ്ങും; അതുകൊണ്ട്, ഇതേവരെ ചെയ്ത നൃത്തം തുച്ഛമാണെങ്കിലും (കുറച്ച ആയുള്ളവെങ്കിലും), അതു ഞാൻ കലാശിപ്പിയ്ക്കട്ടെ. ഇനിയും ഈ ജീവിതനൃത്തം തുടർന്നാൽ ചാരിത്രഭംഗം വന്നേയ്ക്കുമെന്നു ഭയപ്പെടുന്നു എന്നു താൽപര്യം.

൨൧. അൻപ് = ദയ. അമുത്ര = പരലോകത്തിൽ. നമുക്ക് അടുത്തു പരലോകത്തിൽക്കാണാമെന്നു വൃദ്ധയായ മുത്തശ്ശിയെ ആശ്വസിപ്പിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

൨൧. ഹാ, വിട നല്കുക,ന്ത്യനമസ്സിതാ,
ദേവി, ഭാരതധാത്രി, നിൻതൃക്കാല്ക്കൽ!
ജന്മമുണ്ടിനി മേലിലുമെങ്കിൽ ഞാൻ
നിന്മടിയിതിൽത്തന്നേ പിറക്കാവൂ;
സൂദിതപാരതന്ത്ര്യമാരാകിയ
സോദരിമാരെ നീളവേ കാണാവൂ.
൨൨. മാത,രാർഷോക്തിമാധുരീതർപ്പണ-
പ്രീതലോകേ, പ്രശസ്തസുചരിതേ,
ശീതപർവ്വതസേതുമദ്ധ്യസ്ഥിതേ,
സീതതൻ ജന്മഭൂവേ, ജയിച്ചാലും!”

൨൩. പത്തുനാൾ തനിച്ചങ്ങിങ്ങു ചുററിയ
ബദ്ധധൈര്യയാം ചമ്പകത്തിന്റേതായ്,
വിസ്തൃതലോകഭിത്തിമേലൊട്ടിച്ച
കത്തിതേ ബാക്കിയായുള്ളു സാമ്പ്രതം:

൨൧. അന്ത്യനമസ്സ്=ഒടുക്കത്തെ നമസ്കാരം. സൂദിതപാരതന്ത്ര്യമാർ=അസ്വാതന്ത്ര്യം നീക്കിയവർ. സ്ത്രീകൾതന്നെ പരിശ്രമിച്ചു, അവരുടെ ഇന്നത്തെ ഈ അസ്വാതന്ത്ര്യം—തങ്ങളുടെ ചാരിത്രം രക്ഷിപ്പാൻപോലും സ്വാതന്ത്ര്യമില്ലായ്മ—തീരുകയുള്ളു എന്നു 'സൂദിത'പദംകൊണ്ടു സൂചിപ്പിക്കപ്പെടുന്നു.

൨൨. മാതഃ=അമ്മേ! ആർഷോ . . . ലോക=(വാല്മീകി തുടങ്ങിയ) ഋഷികളുടെ സൂക്തിമാധുര്യം വേണ്ടുവോളം നൽകിയതിനാൽ സന്തുഷ്ടരായ ലോകരോടുകൂടിയവൾ. പ്രശ. . . . രിത=കേൾവിപൊങ്ങിയ സച്ചരിത്രത്തോടുകൂടിയവൾ. ശീത. . . . സ്ഥിത=ഹിമവാന്റേയും സേതുവിന്റേയും മദ്ധ്യത്തിലായി സ്ഥിതിചെയ്യുന്നവൾ. ഹിമവാനും സേതുവും പുണ്യസ്ഥലങ്ങളാണല്ലോ.

൨൩. ബദ്ധധൈര്യ=ധൈര്യംപൂണ്ടവൾ. 'പത്തുനാൾ തനിച്ച

Digitized By Kerala Sahitya Akademi

൨൪. സ്വാദുവാല്മീകിസൂക്തസംസേവനാൽ
ജാതബോധയാമക്കൊച്ചുമൈഥിലി
മാനരക്ഷാൎത്ഥമാണ്ടു മറഞ്ഞുപോയ്
മാതൃഭൂവിൻ പിളൎന്ന ഹൃദയത്തിൽ!
൨൫. ക്ഷുദ്രധീത്വമേ, സ്വാൎത്ഥപരത്വമേ,
നിൎദ്ദയത്വമേ, നിന്നെരിതീയിനാൽ
എത്ര ചമ്പകവല്ലിയുണ്ടിങ്ങിനെ
ദഗ്ദ്ധയാകുന്നു ഭാരതപ്പൂങ്കാവിൽ!

ങ്ങിങ്ങു ചുററിയത്'' ആ സ്ഥിതിയിലുള്ള ഒരു പെൺകിടാവിനെസ്സംബന്ധിച്ചേടത്തോളം ധൈൎയ്യമാണല്ലോ: വിസ്തൃ......ട്ടിച്ചു=ലോകമാകുന്ന വിസ്തീൎണ്ണമായ ചുമരിന്മേൽ പതിച്ചു—ലോകരെല്ലാം കാണുവാനായി എഴുതിയയച്ചു. സാമ്പ്രതം=ഇപ്പോൾ.

൨൪. 'ബാക്കിയായുള്ള' എന്നതിനെ വിവരിക്കുന്നു: സ്വാദു......വനാൽ=വാല്മീകിയുടെ മാധുൎയ്യമിയന്ന കാവ്യം പരിശീലിച്ചതുകൊണ്ട്. സാക്ഷാൽ മൈഥിലി, സ്വാഭിമാനം രക്ഷിപ്പാനായി, രാജസദസ്സിൽവെച്ചു, തന്റെ പ്രാൎത്ഥനയനുസരിച്ചു പിളൎന്ന ഭൂമിയിൽ ആണ്ടുപോവുകയാണല്ലൊ ഉണ്ടായത്; ചമ്പകവല്ലിയും മാനം (ചാരിത്രം) രക്ഷിപ്പാനായി (ആത്മഹത്യചെയ്തു) മണ്ണടിഞ്ഞുപോയി! പിളൎന്ന ഹൃദയത്തിൽ—അവളുടെ ആത്മഹത്യയിൽ മാതൃഭൂമിക്കുണ്ടായ ഹൃദയവേദനയെ സൂചിപ്പിക്കുന്നു.

൨൫. ക്ഷുദ്രധീത്വം=ബുദ്ധിനികൃഷ്ടത. നിന്നെരിതീയിനാൽ—നിങ്ങളുടെ നാശകാരിത്വത്താൽ. ചമ്പകവല്ലി=നായിക; ചമ്പകലത എന്നും. ദഗ്ദ്ധയാകുന്നു=ദഹിപ്പിക്കപ്പെടുന്നു. ഭാരതപ്പൂങ്കാവ് ഇന്ത്യയാകുന്ന പൂന്തോട്ടം. ൨൪-ഉം ൨൫-ഉം പദ്യങ്ങളാൽ ചമ്പകവല്ലിയുടെ അനാഥശവം അയൽവാസികളാൽ കുഴിയിൽവെച്ചു ദഹിപ്പിക്കപ്പെട്ടു എന്ന ഇതിവൃത്തം സൂചിപ്പിക്കുന്നു.

കുട്ടികൃഷ്ണമാരാര്,

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi